# ലോകമിഷൻ ഞായർ - 2015

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

**ഇനിമേൽ അടിമകളല്ല, സഹോദരീസഹോദരൻമാരാണ്.**

സമർപ്പിത ജീവിതവർഷത്തിന്റെ സാഹചര്യത്തിലാണ് ഇക്കൊല്ലം ലോകമിഷൻ ഞായർ ആചരണം നടക്കുന്നത്. ആ സാഹചര്യം കൂടുതൽ പ്രാർത്ഥനയ്ക്കും വിചിന്തനത്തിനുമുള്ള പ്രചോദനം നല്കുന്നു. അതിന്റെ കാരണം ഇതാണ്: മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും ദാനമായി കിട്ടിയ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് യേശുവിനു സാക്ഷ്യം വഹിക്കാൻ കടപ്പെട്ടിരിക്കുന്നുവെങ്കിൽ ഓരോ സമർപ്പിത വ്യക്തിയും അങ്ങനെ ചെയ്യാൻ സവിശേഷമാംവിധം കടപ്പെട്ടിരിക്കുന്നു. സമർപ്പിതജീവിതവും പ്രേഷിതത്വവും തമ്മിൽ സുവ്യക്തമായ ബന്ധമുണ്ട്. സഭയിൽ സമർപ്പിതജീവിതത്തിന്റെ ഉത്പത്തിക്കു കാരണം യേശുവിനെ കൂടുതൽ അടുത്ത് അനുകരിക്കാനുള്ള ആഗ്രഹമാണ്. അത് കുരിശെടുത്തുകൊണ്ട് അവിടത്തെ അനുഗമിക്കാനുള്ള അവിടത്തെ ആഹ്വാനത്തോടുള്ള പ്രത്യുത്തരമാണ്. പിതാവിനോടുള്ള അവിടത്തെ സമർപ്പണവും സ്നേഹവും സേവനവും അനുകരിക്കാനും അത് ആവശ്യപ്പെടുന്നു. വീണ്ടും കണ്ടെത്താൻ വേണ്ടി നമ്മുടെ ജീവൻ നഷ്ടപ്പെടുത്താനും അത് ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ ജീവിതത്തിനു മുഴുവനും ഒരു പ്രേഷിതത്വ സ്വഭാവമുണ്ട്. അതുകൊണ്ട് അവിടത്തെ അടുത്ത് അനുകരിക്കുന്ന എല്ലാവർക്കും ഈ പ്രേഷിതത്വസവിശേഷത ഉണ്ടായിരിക്കണം.

സഭയുടെ പ്രകൃതിയുടേതുതന്നെയായ ഈ പ്രേഷിതത്വമാനം, സമർപ്പിത ജീവിതത്തിന്റെ സർവരൂപങ്ങൾക്കും ആന്തരികമായിട്ടുള്ളതാണ്. അതുകൊണ്ട് സമർപിതജീവിതത്തിൽ നിന്ന് വഴി

തെറ്റുകയും അതിന്റെ കാരിസത്തെ വികലമാക്കുകയും ചെയ്യാതെ പ്രേഷിതത്വമാനത്തെ അവഗണിക്കാനാവുകയില്ല. ഒരു മിഷണറിയായിരിക്കുകയെന്നത് മതംമാറ്റലോ കേവലം സമരതന്ത്രമോ അല്ല. പ്രേഷിതത്വം വിശ്വാസത്തിന്റെ "വ്യാകരരണത്തിന്റെ" ഭാഗമാണ്. "വരുക" "മുന്നോട്ടു പോകുക" എന്നിങ്ങനെ മന്ത്രിക്കുന്ന പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിക്കുന്ന സകലർക്കും സാരാംശപരമായിട്ടുള്ള ഒന്നാണത്. ക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് മിഷണറിമാരാകാതിരിക്കാൻ സാധ്യമല്ല. എന്തെന്നാൽ യേശു "തങ്ങളോടൊപ്പം സഞ്ചരിക്കുകയും തങ്ങളോടു സംസാരിക്കുകയും, തങ്ങളോടൊപ്പം ശ്വസിക്കുകയും ചെയ്യുന്നുവെന്ന് അവർ അറിയുന്നു. മിഷൻ പ്രവർത്തനങ്ങളിൽ അവിടന്ന് തങ്ങളോടൊപ്പം ജീവിക്കുന്നുവെന്ന് അവർ മനസ്സിലാക്കുന്നു" (സുവിശേഷ സന്തോഷം; 266).

മിഷൻ എന്നത് യേശുവിനോടുള്ള തീവ്രസ്നേഹമാണ്. അതേ സമയം അത് അവിടത്തെ ജനത്തോടുള്ള തീവ്രസ്നേഹവുമാണ്. ക്രുശിതനായ യേശുവിന്റെ മുമ്പിൽ പ്രാർത്ഥിക്കുമ്പോൾ അവിടത്തെ സ്നേഹത്തിന്റെ ആഴം നാം മനസ്സിലാക്കുന്നു. നമുക്കു മഹത്ത്വവും നിലനില്പും നല്കുന്ന സ്നേഹത്തിന്റെ ആഴം നാം ഗ്രഹിക്കുന്നു. അതേസമയം ക്രിസ്തുവിന്റെ മുറിവേല്പിക്കപ്പെട്ട ഹൃദയത്തിൽ നിന്നു പ്രവഹിക്കുന്ന സ്നേഹം ദൈവജനത്തെയും മുഴുവൻ മനുഷ്യവംശത്തെയും ആശ്ലേഷിക്കാൻ വികസിക്കുന്നുവെന്നു നാം മനസ്സിലാക്കുകയും ചെയ്യുന്നു. തന്റെ പ്രിയജനത്തോടും (cf ibid. 268) നിർമ്മലഹൃദയത്തോടെ തന്നെ തേടുന്ന എല്ലാ മനുഷ്യരോടും അടുക്കുന്നതിനു നമ്മെ ഉപയോഗിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നുവെന്ന് നാം ഒരിക്കൽക്കൂടി മനസ്സിലാക്കുന്നു. "മുന്നോട്ടു പോകുക" എന്നാണ് യേശുവിന്റെ കല്പന. സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ രംഗങ്ങളും നിത്യസന്നിഹിതമായിരിക്കുന്ന നവീന വെല്ലുവിളികളും അതിൽ നാം കാണുന്നു. സഭയുടെ എല്ലാ അംഗങ്ങളും അവരുടെ ജീവിതസാക്ഷ്യം വഴി സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കാൻ സമർപ്പിതരോട് പ്രത്യേകമാംവിധം ആവശ്യപ്പെട്ടിട്ടുണ്ട്. പരിശുദ്ധാത്മാവ് അവരോട് അതിർത്തികളിലേക്കു പോകാൻ, ഇന്നോളം സുവിശേഷം പ്രസംഗിക്കപ്പെട്ടിട്ടില്ലാത്തവരിലേക്കു പോകാൻ ആഹ്വാനം ചെയ്യുന്നു.





രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആദ് ജെന്തെസ് എന്ന ഡിക്രിയുടെ അമ്പതാം വാർഷികമാണിത്. ആ പ്രമാണരേഖ വീണ്ടും വായിക്കാനും അതിന്റെ ഉള്ളടക്കങ്ങളെക്കുറിച്ചു ചിന്തിക്കാനുമുള്ള ഒരാഹ്വാനം നമുക്ക് എല്ലാവർക്കും അതു നല്കുന്നു. സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ശക്തമായ പ്രേഷിത സ്പന്ദനം ഉണ്ടാകണമെന്ന് ആ പ്രമാണരേഖ ആവശ്യപ്പെട്ടിട്ടുണ്ട്. ധ്യാനാത്മക സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം, പ്രേഷിതവേലയുടെ മധ്യസ്ഥയായ ഉണ്ണീശോയുടെ വിശുദ്ധ തെരേസ പുതിയ വെളിച്ചത്തിൽ കാണപ്പെടുന്നു. അവൾ നവീകൃത വാഗ്മിത്വത്തോടെ സംസാരിക്കുന്നു. ധ്യാനാത്മകജീവിതവും പ്രേഷിതത്വവും തമ്മിലുള്ള അഗാധമായ ബന്ധത്തെക്കുറിച്ചു ചിന്തിക്കാൻ അവൾ പ്രചോദിപ്പിക്കുന്നു. പ്രവർത്തനോന്മുഖമായ അനേകം സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം കൗൺസിലിൽ നിന്ന് ഉയർന്ന പ്രേഷിതത്വ ചൈതന്യം വിജാതീയരുടെ ഇടയിലുള്ള പ്രേഷിതപ്രവർത്തനത്തിലേക്കുള്ള അസാധാരണമായ താത്പര്യം കണ്ടെത്തി. സുവിശേഷപ്രവർത്തനത്തിൽ കണ്ടുമുട്ടിയ അനേകം പ്രദേശങ്ങളിലെയും സംസ്കാരങ്ങളിലെയും സഹോദരീസഹോദരന്മാരോടുള്ള തുറവ് അതിനു മിക്കപ്പോഴും ഉണ്ടായിരുന്നു. തന്മൂലം സമർപിതജീവിതത്തിലെ വ്യാപകമായ "സങ്കലിതസംസ്കാര" ("interculturalism') ത്തെപ്പറ്റി പറയാൻ കഴിയുന്നു. അതുകൊണ്ട് അടിയന്തിരസ്വഭാവമുള്ള ഒരാവശ്യമുണ്ടിവിടെ: യേശു ആണ് മിഷന്റെ കേന്ദ്രസ്ഥവ്യക്തിയെന്ന് വീണ്ടും ഉറപ്പിച്ചു പറയുക. സുവിശേഷപ്രഘോഷണത്തിന് പൂർണമായ സ്വയം സമർപ്പണം അത് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ സാധ്യമല്ല: ദൈവകൃപയാൽ പ്രേഷിതപ്രവർത്തനം സ്വീകരിക്കുന്നവർ അതു ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ലോകത്തിന്റെ അതിരുകളിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിന് അവിടത്തെ അനുഗമിക്കാനുള്ള മാർഗമായിത്തീരുന്നു. അവർ നേരിടുന്ന പ്രയാസങ്ങൾക്കും ചെയ്യുന്ന ത്യാഗങ്ങൾക്കും അവിടന്ന് ധാരാളമായി പ്രതിഫലം നല്കും. ഈ വിളിയിൽ നിന്നു മാറിപ്പോകാനുള്ള ഏതു പ്രവണതയും - നല്ല കാരണങ്ങളാലാണ് അങ്ങനെ ചെയ്യുന്നതെങ്കിലും അജപാലനപരവും സഭാപരവും മാനുഷികവുമായ അസംഖ്യം കാരണങ്ങൾ അതിനുണ്ടെ

ങ്കിലും - കർത്താവിന്റെ ആഹ്വാനത്തിനു ചേർന്നതല്ല. വ്യക്തിപരമായി സുവിശേഷത്തിനു സേവനം ചെയ്യുകയെന്നതാണ് അവിടന്നു നല്കുന്ന ആഹ്വാനം. മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പരിശീലകർ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഈ പദ്ധതി വ്യക്തമായും ആത്മാർത്ഥമായും സൂചിപ്പിക്കാനും യഥാർത്ഥ പ്രേഷിതത്വവിളി തിരിച്ചറിയാനും കടപ്പെട്ടിരിക്കുന്നു. ധീരതയോടെ സാക്ഷ്യം നല്കാനും ഉദാരതയോടെ പ്രവർത്തിക്കാനും കഴിവുള്ള യുവജനത്തോട്, ആ സാക്ഷ്യവും പ്രവർത്തനവും സംസ്കാരവിരുദ്ധമാണെങ്കിലും, ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു: **യഥാർത്ഥ മിഷന്റെ ആദർശത്തെ, സമ്പൂർണ സമർപ്പണത്തിലൂടെ ക്രിസ്ത്വാനുകരണത്തെ നിങ്ങളിൽ നിന്നു പിടിച്ചുപറിക്കാൻ ആരെയും അനുവദിക്കരുത്.** നിങ്ങൾ സന്ന്യസ്ത പ്രേഷിതത്വജീവിതം തിരഞ്ഞെടുത്തതും, അത് യഥാർത്ഥത്തിൽ എന്തായിരിക്കുന്നവോ അതിനു സന്നദ്ധരാവുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് മനസ്സാക്ഷിയുടെ അഗാധതയിൽ സ്വയം ചോദിക്കണം: സുവിശേഷപ്രഘോഷണത്തിനു സേവനം ചെയ്യുന്ന സ്നേഹദാനമായതുകൊണ്ടുതന്നെ. നിങ്ങൾ ഒരു വസ്തുത ഓർമ്മിക്കണം. സുവിശേഷപ്രഘോഷണം ഇന്നോളം കേട്ടിട്ടില്ലാത്തവർക്ക് അത് അത്യാവശ്യമാണ്. എന്നാൽ അതിനുമുമ്പേ ഗുരുവിനെ സ്നേഹിക്കുന്നവരെ സംബന്ധിച്ച് അത് അത്യാവശ്യമാണ്.

ഇന്നു സഭയുടെ പ്രേഷിതപ്രവർത്തനം ഒരു വെല്ലുവിളി നേരിടുന്നു. ജനങ്ങൾ അവരുടെ വേരുകളിലേക്ക് തിരിച്ചുപോകുകയും അവരുടെ സംസ്കാരങ്ങളുടെ മൂല്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയെന്ന സർവ ജനതകളുടെയും ആവശ്യങ്ങളെ കണ്ടെത്തുകയെന്നതാണ് ആ വെല്ലുവിളി. അതിന്റെ അർത്ഥം ഇതാണ്: മറ്റു പാരമ്പര്യങ്ങളെയും ചിന്താപദ്ധതികളെയും അറിയുകയും ആദരിക്കുകയും ചെയ്യുക. ദൈവികജ്ഞാനത്തിന്റെ രഹസ്യത്തിലേക്കു പ്രവേശിക്കാനും യേശുവിന്റെ സുവിശേഷം സ്വീകരിക്കാനും സ്വന്തം പാരമ്പര്യങ്ങളിൽ ആന്തരികമായി സഹായിക്കപ്പെടാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് അങ്ങനെ ചെയ്യണം. യേശു സകല സംസ്കാരങ്ങൾക്കുമുള്ള പ്രകാശവും പരിവർത്തനാത്മക ശക്തിയുമാണ്.





സങ്കീർണമായ ഈ പ്രവർത്തനത്തിൽ നാം നമ്മോടു തന്നെ ചോദിക്കുന്നു: "ആരോടാണ് നാം ആദ്യം സുവിശേഷം പ്രസംഗിക്കേണ്ടത്"? സുവിശേഷം മുഴുവനിലും നാം മിക്കപ്പോഴും കാണുന്നതാണ് ഇതിന്റെ ഉത്തരം: ദരിദ്രരോട്, എളിയവരോട്, രോഗികളോട്, മിക്കപ്പോഴും അവഗണിക്കപ്പെട്ടവരോട്, വിസ്മരിക്കപ്പെട്ടവരോട്, പ്രതിഫലം നല്കാൻ കഴിവില്ലാത്തവരോട് (cf. ലൂക്കാ 14:13-14)നമ്മിൽ ഏറ്റവും എളിയവരോട് പ്രത്യേക പരിഗണന കാണിച്ചുകൊണ്ടുള്ള സുവിശേഷവത്കരണം യേശു സ്ഥാപിക്കാൻ വന്ന രാജ്യത്തിന്റെ അടയാളമാണ്. "നമ്മുടെ വിശ്വാസവും ദരിദ്രരും തമ്മിൽ അവിഭാജ്യമായ ഒരു ബന്ധമുണ്ട്. ഒരിക്കലും നാം അവരെ ഉപേക്ഷിക്കരുത്" (സുവിശേഷസന്തോഷം, 48). സമർപ്പിത പ്രേഷിതജീവിതം സ്വീകരിച്ചവർക്ക് ഇത് സർവോപരി വ്യക്തമായിരിക്കണം: ദരിദ്രരോടു പക്ഷം ചേരുന്ന ക്രിസ്തുവിനെ അനുഗമിക്കാൻ ദാരിദ്ര്യവ്രതം വഴി അവർ നിശ്ചയിച്ചു. അവരോടൊപ്പം അനുദിനജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽ ജീവിച്ചുകൊണ്ടും അധികാരത്തിനുള്ള എല്ലാ അവകാശവാദവും ഉപേക്ഷിച്ചുകൊണ്ടും അങ്ങനെ ദരിദ്രരുടെ സഹോദരീസഹോദരന്മാരായിത്തീരാനും അതുവഴി അവർക്ക് സുവിശേഷസന്തോഷത്തിന്റെ സാക്ഷ്യവും ദൈവസ്നേഹത്തിന്റെ അടയാളവും നല്കാനും നിശ്ചയിച്ചു.

ക്രൈസ്തവസാക്ഷികളായും പിതാവിനുള്ള സ്നേഹത്തിന്റെ അടയാളങ്ങളായും ദരിദ്രരുടെയും എളിയവരുടെയും ഇടയിൽ ജീവിച്ചുകൊണ്ട് സഭയുടെ പ്രേഷിതത്വ സേവനത്തിൽ അല്മായരുടെ സാന്നിധ്യം വളർത്താൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രസ്താവിച്ചതുപോലെ "അല്മായർ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ സഹകരിക്കണം. അവർ സാക്ഷികളെന്ന നിലയിലും സജീവോപകരണങ്ങളെന്ന നിലയിലും സഭയുടെ രക്ഷാകരദൗത്യത്തിൽ പങ്കുചേരുന്നുണ്ട്" (ആദ് ജെന്തെസ്, 41). സമർപ്പിതരായ മിഷണറിമാർ തങ്ങളോടൊപ്പം പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നവരെ, കുറച്ചുകാലത്തേക്കാണെങ്കിലും ഈ മണ്ഡലത്തിൽ അനുഭവമുണ്ടാകാൻ ആഗ്രഹിക്കുന്നവരെ, ഉദാരതയോടെ സ്വാഗതം ചെയ്യണം. മാമ്മോദീസയിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന സഹോദരീസഹോദരന്മാരാണവർ.

മിഷൻ പ്രവർത്തനത്തിന്റെ ഭവനങ്ങളും സ്ഥാപനങ്ങളും അവരെ സ്വാഗതം ചെയ്യാനും അവർക്ക് മാനുഷികവും ആധ്യാത്മികവും അപ്പസ്തോലികവുമായ പിന്തുണ നല്കാനുമുള്ള ഇടങ്ങളാണ്.

സഭയുടെ ഇൻസ്റ്റിറ്റ്യൂട്ടുകളും മിഷണറി കോൺഗ്രിഗേഷനുകളും, യേശുവിന്റെ സുവിശേഷം അറിയാത്തവർക്കുള്ള സേവനത്തിന് മുഴുവനായി സമർപ്പിക്കപ്പെട്ടവയാണ്. അവയുടെ സമർപ്പിതാംഗങ്ങളുടെ കാരിസങ്ങളും പ്രേഷിതദൗത്യങ്ങളും അവ പരിഗണിക്കണമെന്നാണ് ഇതിന്റെ അർത്ഥം. എന്നാൽ സമർപ്പിതർക്ക് സേവനത്തിന്റെ ഒരു വ്യവസ്ഥ കൂടി ഉണ്ടാകണം. റോമിലെ മെത്രാന്റെ താത്പര്യത്തിന്റെ ഒരു പ്രകാശനമാണത്. കൊയ്നോണിയ (കൂട്ടായ്മ) ഉറപ്പുവരുത്തുന്നതിനുവേണ്ടിത്തന്നെ. എന്തെന്നാൽ സഹകരണവും സംയുക്തപ്രവർത്തനവും പ്രേഷിതത്വപരമായ സാക്ഷ്യത്തിന്റെ സാരാംശപരമായ ഭാഗമാണ്. ലോകം വിശ്വസിക്കുന്നതിനുള്ള ഒരു വ്യവസ്ഥയായി യേശു തന്റെ ശിഷ്യന്മാരുടെ ഐക്യത്തെ പ്രതിഷ്ഠിച്ചു (cf. യോഹ 17:21). ഈ ഏകത്ര കേന്ദ്രീകരണം നിഷ്കൃഷ്ടനിയമാനുസാരിത്വമല്ല. സ്ഥാപനപ്രാധാന്യവാദവുമല്ല. വൈവിധ്യത്തിനു പ്രചോദനം നല്കുന്ന പരിശുദ്ധാത്മാവിന്റെ സർഗാത്മകതയെ ശ്വാസം മുട്ടിപ്പിക്കുന്ന പ്രവൃത്തിയുമല്ല. അത് സുവിശേഷസന്ദേശത്തിൽ കൂടുതൽ ഫലദായകത്വം നല്കുന്നതിനും പരിശുദ്ധാത്മാവിന്റെ മറ്റൊരു ഫലമായ ലക്ഷ്യത്തിലുള്ള ഐക്യം വളർത്തുന്നതിനുമാണ്.

വിശുദ്ധ പത്രോസിന്റെ പിൻഗാമികളുടെ മിഷണറി സൊസൈറ്റികൾക്ക് സാർവത്രികമായ അപ്പസ്തോലിക ചക്രവാളമുണ്ട്. അതുകൊണ്ടാണ് സമർപ്പിതജീവിതത്തിന്റെ അനേകം കാരിസങ്ങളും അതിന് ആവശ്യമായിരിക്കുന്നത്. സുവിശേഷവത്കരണത്തിന്റെ വിസ്തൃതചക്രവാളങ്ങളോടു സംസാരിക്കാനും അയയ്ക്കപ്പെട്ടിരിക്കുന്ന ഏതു പ്രദേശത്തും പര്യാപ്തമായ സാന്നിധ്യം ഉറപ്പാക്കാൻ കഴിയുന്നതിനും വേണ്ടിയാണത്.

പ്രിയ സഹോദരീസഹോദരന്മാരേ, യഥാർത്ഥ മിഷണറി സുവിശേഷത്തോട് തീവ്രസ്നേഹമുള്ള വ്യക്തിയാണ്. വിശുദ്ധ പൗലോസ് ശ്ലീഹ ഇങ്ങനെ പറഞ്ഞു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ഹാ കഷ്ടം!" (1 കോറി 9:16). സുവിശേഷം സകല





സ്ത്രീപുരുഷന്മാർക്കും സന്തോഷത്തിന്റെയും വിമോചനത്തിന്റെയും രക്ഷയുടെയും ഉറവിടമാണ്. ഈ ദാനത്തെക്കുറിച്ച് സഭയ്ക്ക് അറിയാം. അതുകൊണ്ട് അവൾ "ആരംഭം മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾ കൊണ്ടു ഞങ്ങൾ കണ്ടതും" (1 യോഹ 1:1) എല്ലാവരോടും നിരന്തരം പ്രഘോഷിക്കുന്നു. ദിവ്യരഹസ്യത്തിന്റെ സേവകരുടെ - മെത്രാന്മാർ വൈദികർ, സന്ന്യസ്തർ അല്മായർ എന്നിവരുടെ - ദൗത്യം ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലേക്കു പ്രവേശിക്കാൻ ആരെയും ഒഴിവാക്കാതെ എല്ലാവരെയും അനുവദിക്കുകയെന്നതാണ്. സഭയുടെ പ്രേഷിതത്വപ്രവർത്തനത്തിന്റെ സമ്പൂർണമണ്ഡലത്തിൽ എല്ലാ വിശ്വാസികളും തങ്ങളുടെ മാമ്മോദീസാപരമായ സമർപ്പണം പൂർണമായി ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിയുടെയും വ്യക്തിപരമായ സാഹചര്യമനുസരിച്ച് അങ്ങനെ ചെയ്യണം. സമർപ്പിതരായ സ്ത്രീപുരുഷന്മാർക്ക് ഈ സാർവത്രികവിളിയോട് ഉദാരതയോടെ പ്രത്യുത്തരിക്കാൻ കഴിയും. തീവ്രമായ പ്രാർത്ഥനാജീവിതത്തിലൂടെയും കർത്താവിനോടും അവിടത്തെ രക്ഷാകരബലിയോടുമുള്ള ഐക്യത്തിലൂടെയും അതു സാധ്യമാകും.

അന്യരാജ്യങ്ങളിലോ സ്വന്തം നാടുകളിലോ ഓരോ ജീവിതാവസ്ഥയിലും സുവിശേഷം പ്രഘോഷിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും സഭയുടെ അമ്മയും മിഷൻ പ്രവർത്തനത്തിന്റെ മാതൃകയുമായ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു. സുവിശേഷദൗത്യം നിർവഹിക്കുന്ന എല്ലാ മിഷണറിമാർക്കും ഞാൻ ഹൃദയംഗമമായി അപ്പസ്തോലികാശീർവാദം നല്കുന്നു.വത്തിക്കാനിൽ നിന്ന്,

Franciscus

ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻ

24 മേയ് 2015, പെന്തക്കൊസ്തത്തിരുനാൾ

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിന സന്ദേശം-2015

### യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

*"ജീവനുള്ളവയെ സ്നേഹിക്കുന്ന കർത്താവേ, സർവവും അങ്ങയുടേതാണ്. അങ്ങ് അവയോട് ദയ കാണിക്കുന്നു" (ജ്ഞാനം 11:26).*

ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, എന്റെ പ്രിയമുള്ള യുവജനസുഹൃത്തുക്കളെ,

എല്ലാ വർഷത്തെയും യുവജനദിനാഘോഷം നീതിയും നന്മയുമുള്ള ഒരു സമൂഹത്തെ കെട്ടിപടുക്കുന്നതിനും യുവജനങ്ങളുടെ പങ്കിനെക്കുറിച്ച് ചിന്തിക്കുന്നതിനും നമ്മെ സഹായിക്കുകയും മുന്നിലുള്ള വെല്ലുവിളികളെ നേരിടുന്നതിന് അവർ സജ്ജരാകുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. സാർവത്രിക സഭ ഒക്ടോബർ 4-ാം തീയതി വിശുദ്ധ ഫ്രാൻസിസ്സ് അസ്സീസിയുടെ തിരുനാളായി ആഘോഷിക്കുന്ന ദിവസംതന്നെ മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജനദിനമായി ആഘോഷിക്കുന്നു. ഈ അവസരത്തിൽ എല്ലാ യുവജനസുഹൃത്തുക്കൾക്കും ഏറ്റം സന്തോഷത്തോടും പ്രത്യാശയോടുംകൂടെ എല്ലാ ആശംസകളും നേരുന്നു. പ്രത്യേകിച്ച്, യുവജന ശുശ്രൂഷയിൽ പങ്കാളികളായി പ്രവർത്തിക്കുന്ന എല്ലാ ബഹു. വൈദികർ, സിസ്റ്റേഴ്സ്, അല്മായ പ്രതിനിധികൾ എന്നിവരെയും എന്റെ ആശംസകൾ അറിയിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭ വളരെ പ്രതീക്ഷയോടുകൂടിയാണ് അവളുടെ യുവജനങ്ങളെ നോക്കികാണുന്നത്. സഭയുടെ ഭാവി





മാത്രമല്ല, വർത്തമാനകാലവും അവരുടെ കൈകളിലാണെന്ന് സഭ തിരിച്ചറിയുന്നു. ആറാമത് ഏഷ്യൻ യുവജനദിനത്തിലെ സമാപന സന്ദേശത്തിൽ ഈ കാലഘട്ടത്തിലെ സഭയിൽ യുവജനങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പാ വളരെ വ്യക്തമായി പറഞ്ഞു: 'യുവജനങ്ങൾ എന്നനിലയിൽ, ഉദ്യോഗസ്ഥരോ, വിദ്യാർത്ഥികളോ, ഔദ്യോഗിക ജീവിതത്തിലേക്ക് കടന്നവരോ അല്ലെങ്കിൽ വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്നവരോ, സന്യസ്തരോ, വൈദികരോ, ആരുമാകട്ടെ, നിങ്ങൾ, സഭയുടെ ഭാവി ഭാഗധേയം നിർണയിക്കുന്നവർ മാത്രമല്ല, പിന്നെയോ ഇന്നത്തെ സഭയുടെ ഒഴിച്ചുകൂടാനാകാത്തതും പ്രിയപ്പെട്ടതുമായ ഒരു ഭാഗം കൂടിയാണ്. നിങ്ങൾ ഇന്നത്തെ സഭയാണ്". നമ്മൾ തീർത്ഥാടകരാണ്. നമ്മുടെ ഈ തീർത്ഥാടനത്തിൽ ലക്ഷ്യമാണ് പ്രാധാന്യം അർഹിക്കുന്നത്. പരമമായ ലക്ഷ്യത്തിലേക്ക് നടന്നു നീങ്ങുമ്പോഴും, നാം മുഴുവനായി ജീവിക്കുന്നത് വർത്തമാനകാലത്താണ്. ക്രിസ്തുവിന്റെ സാക്ഷികളായി ഇപ്പോഴിവിടെ ജീവിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

**ധ്രുത സംസ്ക്കാരം** (Instant Culture)

നാം ഇന്ന് ജീവിക്കുന്ന സാങ്കേതികവും ആഗോളവത്കൃതവുമായ സമൂഹം വ്യാപിപ്പിക്കുന്ന, പെട്ടെന്നുള്ള സംതൃപ്തിക്കുവേണ്ടിയുള്ള ഒരു സ്വയം-കേന്ദ്രീകൃത സംസ്ക്കാരത്തെയാണ് **ധ്രുത സംസ്ക്കാരം** എന്ന് വിളിക്കുന്നത്. ഇതിന്റെ വരവോടുകൂടി, ഒരു പ്രത്യേക പ്രദേശത്തെ പ്രത്യേക ജനതയുടെ ജീവിതരീതി എന്ന സംസ്ക്കാരത്തെക്കുറിച്ചുള്ള സങ്കല്പം കാലത്തിന് അനുയോജ്യമല്ലാത്തതായിത്തീർന്നു; സംസ്ക്കാരത്തിന്റെ ഉപഗണമായി നിൽക്കുന്ന ഭാഷ, ആശയവിനിമയം, ആചാരമര്യാദകൾ, അനുഷ്ഠാനങ്ങൾ, കർത്തവ്യങ്ങൾ, ആചാരങ്ങൾ, ശീലങ്ങൾ, മൂല്യങ്ങൾ, ചിന്തകൾ, പരസ്പര സമ്പർക്കം എന്നിവയും ഇതിനോട് ചേർത്തുവയ്ക്കാവുന്നതാണ്. ക്ഷമയും സ്ഥിരതയും ഈ സംസ്ക്കാരത്തിന് തികച്ചും അന്യമാണ്. 'touch' എന്ന വാക്കിന് ചുറ്റുമാണ് എല്ലാം സഞ്ചരിക്കുന്നത്. നമ്മുടെ ശ്രദ്ധയുടെ ദൈർഘ്യം ('Span of attention') വളരെ കുറവാണ്, ഏകാഗ്രത അസാധ്യമായിരിക്കുന്നു. ഇത് നമ്മെ അടിമകളാക്കി കമ്പോളവല്ക്കരിക്കുന്നു. യഥാർത്ഥത്തിൽ മാനുഷികമോ ദൈവികമായതോ എന്തും ഇതിന് അന്യമാണ്.

ഈ ലോകത്തിലെ വിവിധ സംസ്ക്കാരങ്ങളുടെ മൂല്യങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് നഷ്ടപ്പെടുത്താതെ, കത്തോലിക്കാ വിശ്വാസത്തിന് യോജിക്കാത്തവയെ വിവേചിച്ചറിയുകയും, സമകാലീന സംസ്ക്കാരത്തിന്റെ അധാർമികവും ദുഷിച്ചതുമായ ഘടകങ്ങളെ തിരിച്ചറിഞ്ഞ് അവർ അതിൽനിന്നും അകന്നുനിൽക്കുകയും വേണം. പരി. ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞു: "ജീവിതത്തിലെ ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളായ ശുഭാപ്തി വിശ്വാസം, ഊർജ്ജം, സൗമനസ്യം എന്നിവകൊണ്ട് നിങ്ങളും നിങ്ങളുടെ സുഹൃത്തുകളും നിറയപ്പെട്ടിരിക്കുന്നു. യേശുക്രിസ്തു നിങ്ങളുടെ ശുഭാപ്തി വിശ്വാസത്തെ ക്രിസ്തീയ പ്രത്യാശയായും, നിങ്ങളുടെ ഊർജ്ജത്തെ ധാർമിക പുണ്യമായും, നിങ്ങളുടെ സൗമനസ്യത്തെ സ്വയ-പരിത്യാഗ സ്നേഹമായും മാറ്റട്ടെ! ഈ വഴി സ്വായത്തമാക്കാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഈ വഴി, നിങ്ങളുടെ ജീവിതത്തിലും സംസ്ക്കാരത്തിലുമുള്ള പ്രത്യാശയ്ക്കും, പുണ്യത്തിനും സ്നേഹത്തിനും വെല്ലുവിളിയായിരിക്കുന്ന സകലതിനെയും മറികടക്കുന്നു. ഇപ്രകാരം നിങ്ങളുടെ യുവത്വം യേശുക്രിസ്തുവിനും ലോകത്തിനുമുള്ള സമ്മാനമായിരിക്കും.(Homily, Sixth Asian Youth Day)

**സംരക്ഷണത്തിന്റെ സംസ്ക്കാരം**

അർത്ഥവത്തായ ഒരു ജീവിതം ജീവിക്കുന്നതിനുവേണ്ടി സ്വയ-സംതൃപ്തിയുടെ ഇൻസ്റ്റന്റ് സംസ്ക്കാരത്തിൽനിന്നും പരസ്പര സംരക്ഷണത്തിന്റെ നല്ലൊരു ലോകം കെട്ടിപടുക്കുവാൻ കഴിയുന്ന സംസ്ക്കാരത്തിലേക്ക് നമ്മൾ മാറേണ്ടതുണ്ട്. സംരക്ഷണത്തിന്റെ സംസ്ക്കാരം രൂപീകരിക്കുന്നതിനും, പരിസ്ഥിതി ആദ്ധ്യാത്മികത കെട്ടിപടുക്കുന്നതിനും നമ്മെത്തന്നെ പൊതു നന്മയ്ക്കുവേണ്ടി സമർപ്പിക്കുവാൻ പരി. ഫ്രാൻസിസ് മാർപാപ്പാ, അദ്ദേഹത്തിന്റെ *Laudato Si* എന്ന ചാക്രികലേഖനത്തിലൂടെ നമ്മെ ക്ഷണിക്കുന്നു. ഇക്കാരണത്താൽ, നാം ആരംഭിക്കേണ്ട നാലുവിധത്തിലുള്ള സംരക്ഷണത്തെ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**1. വ്യക്തിപരമായ വിശുദ്ധിയുടെ സംരക്ഷണം**

യേശു ഭക്തരെയല്ല അന്വേഷിക്കുന്നത്; പ്രേഷിത ശിഷ്യരെയാണ് അവിടുത്തേക്ക് ആവശ്യം. നാം രക്ഷിക്കപ്പെടുമ്പോൾ, അപരിഷ്കൃതമായ താൽപര്യങ്ങളിൽനിന്നും, പ്രവർത്തനങ്ങളിൽനിന്നും രക്ഷിക്കപ്പെടുകയും,





വിശുദ്ധിയുടെ ജീവിതത്തിലേക്ക് വിളിക്കപ്പെടുകയും ചെയ്യുന്നു.വിശുദ്ധിയിലേക്കുള്ള ഈ വിളി വി. പത്രോസിന്റെ ഒന്നാംലേഖനം 1-ാം അദ്ധ്യായത്തിന്റെ 14 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ പ്രദിപാദിക്കുന്നുണ്ട്. "മുൻകാലത്ത് നിങ്ങൾക്കുണ്ടായിരുന്ന അജ്ഞതയുടെ വ്യാമോഹങ്ങളോട്, അനുസരണയുള്ള മക്കളെന്നനിലയിൽ, നിങ്ങൾ അനുരൂപപ്പെടാതിരിക്കുവിൻ. മറിച്ച്, നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നപോലെ, എല്ലാപ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ".; ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ; എന്തെന്നാൽ, ഞാൻ പരിശുദ്ധനാണ്". ലേവ്യരുടെ പുസ്തകം 19-ാം അദ്ധ്യായത്തിൽ വിശുദ്ധിയെ നിർവചിച്ചിരിക്കുന്നത് ആചാരപരമായി അശുദ്ധമെന്നു മുദ്രകുത്തപ്പെട്ടവയെ ഒഴിവാക്കുന്നതിലൂടെ മാത്രമല്ല, അതിലുപരിയായി, ഒരാൾ തന്റെ മാതാപിതാക്കളോടുള്ള ബഹുമാനം (19:3) ദരിദ്രരോടുള്ള ഔദാര്യം (9-10), സത്യസന്ധത (19:11), നീതി (19:11-18), അയൽക്കാരനോടുള്ള സ്നേഹം (19:17-18) എന്നിവയുടെയും അടിസ്ഥാനത്തിലാണ്. മനുഷ്യ സ്വഭാവത്തിലും ദൈവം നൽകിയിരിക്കുന്ന എല്ലാ നിയമത്തിലും ഈ വിശുദ്ധി വ്യാപിച്ചുകിടക്കുന്നു. നാം ചെയ്യുന്ന എന്തിനെയും സ്വാധീനിക്കുന്ന ഒരു ജീവിതരീതിയാണ് വിശുദ്ധി. ഒരു കൂട്ടം നിയമങ്ങളോടു അനുരൂപപ്പെടുന്നതിലുപരി, ഇത് ഒരു ജീവിതരീതിയാണ്. ഈ ജീവിതരീതി പരിപോഷിപ്പിക്കപ്പെടുന്നത് ദൈവവചനത്തിലൂടെയും, ആരാധനയിലുള്ള സജീവ പങ്കാളിത്തത്തിലൂടെയും, കൗദാശിക ജീവിതത്തിലൂടെയും മറ്റ് വിശ്വാസാനുഷ്ഠാനങ്ങളിലൂടെയുമാണ്.

**2. ക്രിസ്തുവിനെ അറിയാത്തവരോടുള്ള കരുതൽ**

*Evangelii Nuntianti* എന്ന അപ്പസ്തോലിക ലേഖനത്തിൽ, ആധുനിക ലോകത്തിന്റെ സുവിശേഷകരാകാൻ യുവജനങ്ങളെ പോൾ ആറാമൻ മാർപാപ്പാ ക്ഷണിക്കുന്നു. "മുൻകാലങ്ങളിൽ എന്നപോലെ ഇന്നും സുവിശേഷവും മാനവസംസ്ക്കാരവും തമ്മിലുള്ള ഭിന്നത കാലഘട്ടത്തിന്റെ ഒരു പ്രതിഭാസമാണ്. തന്മൂലം സംസ്കാരങ്ങളുടെ പൂർണമായ സുവിശേഷവത്കരണം സാധിക്കുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമായിരിക്കുന്നു. സുവിശേഷത്തിന്റെ ആഭിമുഖ്യത്തിൽ അവ പുനരുദ്ധരിക്കപ്പെടണം" (EN 20). സഭയുടെയുടെ സ്വഭാവത്തിന്റെയും ഓരോ ക്രിസ്തീയ വിശ്വാസിയുടെയും വ്യവസ്ഥാപിത ഘടകമാണ് പ്രേഷിതത

ലം. പുനരൈക്യപ്രസ്ഥാനത്തിന്റെ ശില്പി, ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി ഇന്ത്യ മുഴുവൻ സുവിശേഷത്തിന്റെ വെളിച്ചം പകരുവാൻ ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ ചിരകാല ആഗ്രഹംപോലെ, ഇപ്പോൾ നമുക്കെല്ലാവർക്കുംവേണ്ടി ആ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. ഇന്ത്യ മുഴുവനുമുള്ള അധികാരാതിർത്തിയുടെ പുതിയ സഭാഘടനയുടെ രൂപീകരണത്തോടൊപ്പം, ആധുനിക സുവിശേഷകരാകാനുള്ള ബുദ്ധിമുട്ടേറിയതും എന്നാൽ ആവശ്യവുമായ കർത്തവ്യത്തെ സഭ യുവജനങ്ങൾക്കുമുമ്പിൽ സമർപ്പിക്കുകയാണ്. സുവിശേഷം പ്രഘോഷിക്കുക എന്ന യേശുവിന്റെ മഹത്തായ കല്പന ഇന്നും നമ്മെ മാടിവിളിക്കുന്നു: "ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ" (മത്താ 28:19). "സാക്ഷ്യംവഴിയാണ് സർവോപരി സുവിശേഷം പ്രഖ്യാപിക്കപ്പെടേണ്ടത്. സമൂഹത്തിൽ വസിക്കുന്ന ഒരു ക്രൈസ്തവനെയോ ഏതാനും ക്രൈസ്തവരെയോ ഉദാഹരണമെടുക്കുക. പരസ്പരധാരണയിലും അംഗീകാരത്താലും ജീവിത ഭാഗഭാഗിത്വത്തിലും പൊതുലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള ശ്രമങ്ങളിലും അവർ തങ്ങളുടെ കഴിവുകൾ മറ്റുള്ളവരുടെ ഇടയിൽ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് പരിശോധിക്കുക. നല്ലതും ശ്രേഷ്ഠവുമായ എല്ലാ സംരഭങ്ങളിലും അവർ മറ്റുള്ളവരോട് തോളോടുതോൾചേർന്ന് പരിശ്രമിക്കുന്നുണ്ടോ? മൂല്യനിർണയത്തിൽ തികച്ചും ലളിതവും കോട്ടംതട്ടാത്തതുമായ രീതിയിൽ അവർ തങ്ങളുടെ വിശ്വാസത്തിന് പ്രാധാന്യം കല്പിച്ചുപോരുന്നുണ്ടോ?" (EN 21). യേശുവിന്റെ വിളി നമുക്ക് ഹൃദയത്തിൽ സ്വീകരിച്ച് നമ്മുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അവന് സാക്ഷ്യം നൽകാം.

**3. ദരിദ്രരുടെയും നിരാംലബരുടെയും സംരക്ഷണം**

"ദരിദ്രരെ ഞെരുക്കുന്നവൻ സ്രഷ്ടാവിനെ നിന്ദിക്കുന്നു. പാവപ്പെട്ടവരോട് ദയ കാണിക്കുന്നവൻ അവിടുത്തെ ബഹുമാനിക്കുന്നു" (സുഭാ 14:31). മറ്റുള്ളവരെ ശുശ്രൂഷിക്കുകയും ദരിദ്രരെ സംരക്ഷിക്കുകയും ചെയ്യുന്നത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണം. ദരിദ്രരോടും രോഗികളോടും വളരെ ഔദാര്യപൂർവമായ ഹൃദയമാണ് പരി. പിതാവ് ഫ്രാൻസിസ് മാർപാ





പ്പായ്ക്കുള്ളത്. ദരിദ്രരെയും രോഗികളെയും സംരക്ഷിക്കുന്നതുവഴിയായി ക്രിസ്തുവിനെ കണ്ടുമുട്ടുവാനും സാധ്യമാണ്. നമ്മുടെ സഹോദരീ-സഹോദരന്മാരിൽ, പ്രത്യേകിച്ച് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ദരിദ്രർ, വിശക്കുന്നവർ, ദാഹിക്കുന്നവർ, അപരിചിതർ, രോഗികൾ, തടവറയിൽ കഴിയുന്നവർ (cf മത്താ 25:31-46) എന്നിവരിലും ദൈവത്തെ കാണാൻ സാധിക്കും. തന്നെ അനുഗമിക്കുവാൻ ആഗ്രഹിച്ച യുവാവിനോട് യേശു പറഞ്ഞു: "നീ പൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക. എന്നാൽ ഈ വചനംകേട്ട് ആ യുവാവ് ദുഃഖിതനായി തിരിച്ചുപോയി; എന്തെന്നാൽ അവന് വളരെയേറെ സമ്പത്തുണ്ടായിരുന്നു" (മത്താ 19:21-22). യേശുവിനെ ആത്മാർത്ഥമായി അനുഗമിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, ദരിദ്രരെ സംരക്ഷിക്കുന്നത് പ്രധാനപ്പെട്ടതായി തോന്നിയെങ്കിൽ, നമുക്കും ഇത് പ്രധാനപ്പെട്ടതാണ്. യേശുവിന്റെ സമർപ്പിത ശിഷ്യരെന്ന നിലയിൽ, ദരിദ്രർക്കുവേണ്ടി പ്രവർത്തിക്കുവാനും അവർക്കുവേണ്ടി നിലകൊള്ളുവാനും നമ്മുടെ വിശ്വാസം നമ്മെ പ്രചോദിപ്പിക്കുന്നു.

**4. പൊതുഭവനത്തിന്റെ സംരക്ഷണം**

കാലാവസ്ഥയുടെ അപകടകരമായ താപനം, വെള്ളത്തിന്റെ ദൗർലഭ്യത, ജൈവവൈവിധ്യത്തിന്റെ നഷ്ടം, മനുഷ്യന്റെ ജീവിതനിലവാരത്തകർച്ച എന്നിവയാണ് ഇപ്പോഴത്തെ തലമുറ നേരിടുന്ന വെല്ലുവിളികളിൽ ചിലത്. ഇന്ന് നമ്മുടെ ഫലഭൂയിഷ്ഠമായ ഭൂമി വലിച്ചെറിയൽ സംസ്ക്കാരം ഉല്പാദിപ്പിച്ച ഡിജിറ്റൽ മാലിന്യങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. നമ്മുടെ സമ്പുഷ്ടമായ പ്രകൃതിയെ കുറച്ചുപേർ അവരുടെ സ്വാർത്ഥപരമായ താല്പര്യങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യുന്നു, ധാരാളംപേർ ഒന്നുമില്ലാത്തവരായി അവശേഷിക്കുന്നു. ഇത് ഉറപ്പില്ലാത്തതും അനിശ്ചിതവുമായ ഭാവിയിലേക്ക് തീർച്ചയായും നമ്മെ നയിക്കും. അതുകൊണ്ട്, മനുഷ്യന്റെ വർത്തമാന-ഭാവി ജീവിതത്തിന് പ്രകൃതി സംരക്ഷണം വളരെ പ്രധാനപ്പെട്ടതാണ്. പരിസ്ഥിതി പ്രശ്നത്തിന്റെ ഈ വസ്തുതകൾ മനസിലാക്കികൊണ്ട്, നമ്മുടെ പൊതു ഭവനത്തിന്റെ സംരക്ഷണം ഭാവിതലമുറയ്ക്ക് എപ്രകാരം ആഘാതമാകുമെന്ന് *Laudato Si* എന്ന ചാക്രികലേ

ഖനത്തിൽ പരി. ഫ്രാൻസിസ് മാർപാപ്പാ മുഴുവൻ ലോകത്തെയും അഭിസംബോധന ചെയ്തുകൊണ്ട് വിവരിക്കുന്നു. ആഴമായ ആന്തരിക മാനസാന്തരത്തിനായ് ആഹ്വാനം ചെയ്യുന്ന പരി. പിതാവ്, എല്ലാവരോടും കരുതലോടും വരും തലമുറയോടുള്ള മുൻവിധി കൂടാതെയും ജീവിക്കുവാൻ ഉദ്ബോധിപ്പിക്കുന്നു. സൃഷ്ടിയുടെ സംരക്ഷകരായിക്കുന്നതിനുള്ള നമ്മുടെ വിളി ഉറപ്പിക്കുന്നതിനും സൃഷ്ടിയുടെ സംരക്ഷണത്തിന് ദൈവത്തിന്റെ സഹായം അപേക്ഷിക്കുന്നതിനുമായി എല്ലാ വർഷവും സെപ്തംബർ 1 "സൃഷ്ടിയുടെ സംരക്ഷണത്തിനുവേണ്ടിയുള്ള ലോക പ്രാർത്ഥനാ ദിനം" ആചരിക്കുവാൻ പരി. പിതാവ് തീരുമാനിച്ചു. നാം ജീവിക്കുന്ന ലോകത്തിനെതിരായി ചെയ്ത അധർമ്മത്തിന് മാപ്പ് ചോദിക്കുവാനുള്ള ഒരു അവസരമായിരിക്കും ഇത്. സ്വാഭാവിക പരിസ്ഥിതി ഒരു പൊതുനന്മയും, മനുഷ്യസമൂഹത്തിന്റെ പിതൃസ്വത്തും, ഇതിനെ പരിരക്ഷിക്കുക എന്നത് എല്ലാവരുടെയും ഉത്തരവാദിത്തവുമാണ്.

അതുകൊണ്ട്, പരസ്പര കരുതലിന്റെ ചെറിയ പ്രവൃത്തികൾകൊണ്ട് കവിഞ്ഞൊഴുകുന്ന സ്നേഹത്തിന്റെ ഒരു സംസ്ക്കാരം സൃഷ്ടിക്കുവാൻ പരി. പിതാവ് നമ്മോട് ആവശ്യപ്പെടുന്നു."സമൂഹത്തോടുള്ള സ്നേഹവും പൊതുനന്മയോടുള്ള പ്രതിബദ്ധതയും ഉപവിയുടെ ശ്രദ്ധേയമായ ആവിഷ്ക്കാരങ്ങളാണ്. ആ ഉപവി വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെ മാത്രമല്ല, സാമൂഹികവും, സാമ്പത്തികവും രാഷ്ട്രീയവുമായ വിശാലതലങ്ങളെയും ബാധിക്കുന്നു. അതുകൊണ്ടാണ് സഭ ലോകത്തിന്റെമുമ്പിൽ ഒരു സ്നേഹ നാഗരികതയുടെ ആദർശം അവതരിപ്പിച്ചത്. സാമൂഹിക സ്നേഹം യഥാർത്ഥ വികസനത്തിനുള്ള താക്കോലാണ്. "സമൂഹത്തെ കൂടുതൽ മാനുഷികമാക്കാൻ മനുഷ്യവ്യക്തിയെ സംബന്ധിച്ച് കൂടുതൽ യോഗ്യതയുള്ളതാക്കാൻ, സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്ക്കാരികവുമായ ജീവിതത്തിലെ - സ്നേഹത്തിന് എല്ലാ പ്രവർത്തനത്തിനുമുള്ള സുസ്ഥിരവും ഏറ്റവും ഉന്നതവുമായ നിയമം ആയിത്തീർന്നുകൊണ്ട് നവീകൃതമൂല്യം നൽകേണ്ടതാണ്." ഈ ചട്ടക്കൂടിനുള്ളിൽ ചെറിയ പ്രതിദിന പ്രവൃത്തികളുടെ പ്രാധാന്യത്തോടൊപ്പം പാരിസ്ഥിതിക അധഃപതനം അവസാനിപ്പിക്കാനുള്ള വലിയ തന്ത്രങ്ങൾ ആസൂത്രണം ചെയ്യാനും സമൂഹം മുഴുവൻ വ്യാപിക്കുന്ന ഒരു "കരുതൽ സംസ്ക്കാര"ത്തെ പ്രോത്സാഹിപ്പിക്കുവാനും സാമൂഹ്യസ്നേഹം നമ്മെ





പ്രേരിപ്പിക്കുന്നു. (നം. 231)

പരസ്പരം കരുതലിന്റെ പ്രവർത്തികൾ, നമ്മുടെ വ്യക്തിപരമായ വിശുദ്ധിയുടെ സംരക്ഷണം, സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സമർപ്പണം, ദരിദ്രരോടും നിരാലംബരോടുമുള്ള കരുതൽ, നമ്മുടെ അമ്മയായ പ്രകൃതിയോടുള്ള കരുതൽ എന്നിവയോടുകൂടി ഈ യുവജനദിനം ആചരിക്കുവാൻ എല്ലാ യുവജനങ്ങളോടും ഞാൻ ആഹ്വാനം ചെയ്യുന്നു. സഭയുടെ പുതിയ സാമൂഹിക രേഖയായ *Laudato Si* ആഴമായി പഠിക്കുകയും, പരിസ്ഥിതി ആദ്ധ്യാത്മികത കെട്ടിപടുക്കുകയും ചെയ്യുക.

നമ്മുടെ സഭയുടെ യുവജനദിനാഘോഷം മാർത്താണ്ഡം ഭദ്രാസനത്തിലെ മരിയഗിരിയിൽ നടത്തുന്നതാണ്. ഈ ദിവസത്തെ വി. കുർബാനയിലെ സ്തോത്രകാഴ്ച അതാത് ഭദ്രാസന ഫിനാൻസ് ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് ബന്ധപ്പെട്ട എല്ലാവരെയും ഞാൻ ഓർമ്മപ്പെടുത്തുന്നു. ഈ സ്തോത്രകാഴ്ച ഭദ്രാസന, സഭാതല യുവജന ശുശ്രൂഷയ്ക്കായി ഉപയോഗിക്കുന്നതാണ്.

ഈ യുവജനദിനത്തിൽ എല്ലാ യുവജനങ്ങളെയും യുവജനശുശ്രൂഷയിൽ പങ്കാളികളായ ഏവരെയും, യുവജനത്തെ വളർത്തുന്നതിനുള്ള അവരുടെ വിലയേറിയ സേവനങ്ങളെ സഭയുടെപേരിൽ അഭിനന്ദിക്കുന്നു. പരസ്പരം കരുതുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നതിന് യുവജനങ്ങളെ നമുക്ക് അനുധാവനം ചെയ്യാം.

ദൈവം നിങ്ങളെ എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ!

സ്നേഹാശിർവാദങ്ങളോടെ



**✠ വിൻസെന്റ് മാർ പൗലോസ്**
ചെയർമാൻ,
യുവജനങ്ങൾക്കുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ,
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ

20-09-2015
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

# 85–ാം പുനരൈക്യവാർഷികം

85–ാം പുനരൈക്യവാർഷികവും സഭാസംഗമവും സെപ്റ്റംബർ 19,20,21 തീയതികളിൽ വിവിധ കാര്യപരിപാടികളോടെ തിരുവല്ലാ അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ തിരുമൂലപുരം മാർ ഈവാനിയോസ് നഗറിൽ വച്ച് നടന്നു.

സെപ്റ്റംബർ 19–ന് രാവിലെ വി.കുർബ്ബാനയോടും ദിവ്യകാരുണ്യാരാധനയോടും കൂടി ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. വിവിധ ഭദ്രാസനങ്ങളിൽ നിന്ന് ആരംഭിച്ച ഛായാചിത്ര–പതാക–ദീപശിഖ പ്രയാണങ്ങൾക്ക് ഉച്ചകഴിഞ്ഞ് 3.30–ന് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ സ്വീകരണം നൽകി. തുടർന്ന് പ്രയാണങ്ങൾ സംഗമിച്ച്, പുനരൈക്യവിളംബര ഘോഷയാത്രയായി വൈകിട്ട് 5 മണിയോടെ തിരുമൂലപുരം മാർ ഈവാനിയോസ് നഗറിലെത്തി. തദവസരത്തിൽ സഭയുടെ കൂരിയ മെത്രാനും കഡ്കി, സെന്റ്.എഫ്രേം എക്സാർക്കേറ്റിന്റെ അദ്ധ്യക്ഷനുമായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി കാതോലിക്കാ പതാക ഉയർത്തി പുനരൈക്യവാർഷികാഘോഷങ്ങൾക്ക് ഔദ്യോഗികമായി തുടക്കം കുറിച്ചു. തുടർന്ന് വൈകിട്ട് 8 മണിക്ക് എം.സി. വൈ.എം–ന്റെ ആഭിമുഖ്യത്തിൽ അന്തർദേശിയ ക്വിസ്സ് മത്സരം നടന്നു.

സെപ്റ്റംബർ 20–ന് രാവിലെ വിവിധ സഭാസംഘടനകളുടെ സഭാതലസംഗമങ്ങൾ വ്യത്യസ്ത വേദികളിലായി നടന്നു. എം.സി. സി.എൽ. 5–ാം ആഗോളസംഗമം മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്തു. സഭാതല സമിതി പ്രസിഡന്റ് കുമാരി അനീറ്റാ കുര്യാക്കോസ് അദ്ധ്യക്ഷയായിരുന്ന സംഗമത്തിൽ വിശ്വാസ പരിശീലനത്തിനുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ ചെയർമാൻ, അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് ശ്രീ. ബേബി ജോൺ കലയന്താനി 'ജീവന്റെ സംരക്ഷണം' എന്ന വിഷയത്തെക്കുറിച്ച് സമിതി അംഗങ്ങൾക്ക് ക്ലാസ്സ് നൽകി.





ബഹു. കേരള റവന്യൂ, കയർ വകുപ്പ് മന്ത്രി അഡ്വ. അടൂർ പ്രകാശ് ഉദ്ഘാടനം ചെയ്ത 25–ാമത് അന്തർദേശീയ യുവജന കൺവൻഷന് അഭിവന്ദ്യ കാതോലിക്കാബാവാ മുഖ്യസന്ദേശം നൽകി. യുവജനകമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹപ്രഭാഷണത്തിനുശേഷം, 'വിശ്വാസം ജീവിക്കാം വിശ്വത്തെ ഉണർത്താം' എന്ന വിഷയത്തെ ആസ്പദമാക്കി സീറോ മലബാർ, തൃശൂർ അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് പ്രഭാഷണം നടത്തി.

മലങ്കര കാത്തലിക്ക് അസോസിയേഷൻ സഭാതല സമിതി പ്രസിഡന്റ് ശ്രീ. പി. കെ ജോസഫ് മേലേക്കൂറ്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന 19–ാമത് ആഗോള അത്മായ സംഗമത്തിൽ മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ അനുഗ്രഹ പ്രഭാഷണം നടത്തി. ജനാബ് പാണക്കാട് സെയ്ദ് ഹൈദർ അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്ത പ്രസ്തുത സമ്മേളനത്തിൽ അൽമായ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി ആമുഖ സന്ദേശം നൽകി.

അഭിവന്ദ്യ കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിലും സഭയിലെ മറ്റു പിതാക്കന്മാരുടെ മഹനീയ സാന്നിധ്യത്തിലും അന്നേദിവസം ഉച്ചകഴിഞ്ഞ് 1.30 ന് 'ബേസ് ആബോ ദ്മല്ങ്കര,' മാർ ഈവാനിയോസ് സ്മൃതി മന്ദിരത്തിന്റെ കൂദാശ കർമ്മം നടന്നു. തുടർന്ന് 2.30 ന് ആരംഭിച്ച സഭാതല സന്യസ്ത വർഷാചരണ സമ്മേളനത്തിൽ അഭിവന്ദ്യ കാതോലിക്കാബാവാ അദ്ധ്യക്ഷം വഹിച്ചു. ബഹു. രാജ്യസഭാ ഉപാധ്യക്ഷൻ, പ്രൊഫ. പി.ജെ കുര്യൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പൂജനീയ സ്വാമി വീര ഭദ്രാനന്ദ മുഖ്യ സന്ദേശം നൽകി. 5.30 ന് മലങ്കര കത്തോലിക്കാ സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ *സുവിശേഷസന്ധ്യ*– സങ്കീർത്തനപാരായണം, വചനപ്രഘോഷണം വി. കുർബാനയുടെ ആരാധന– നടന്നു. തുടന്ന് 7.30–ന് മെഴുകുതരി പ്രദക്ഷിണത്തോടെ 20–ാ തീയതിയിലെ പരിപാടികൾ അവസാനിച്ചു.

സഭാസംഗമത്തിന്റെ പ്രധാന ദിവസമായ സെപ്റ്റംബർ 21

–ന് രാവിലെ 8 മണിക്ക് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ മുഖ്യകാർമികത്വത്തിലും നാഗപ്പൂർ ആർച്ചുബിഷപ്പ്, അഭിവന്ദ്യ ഏബ്രഹാം വിരുത്തികുളങ്ങര, സഭയിലെ മറ്റുപിതാക്കന്മാർ, വൈദികർ എന്നിവരുടെ സഹകാർമികത്വത്തിലും നടന്ന ആഘോഷമായ വി. കുർബാനയിൽ പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വചനസന്ദേശം നല്കി. തുടർന്നു നടന്ന പൊതുസമ്മേളനത്തിന്, തിരുവല്ലാ അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് സ്വാഗതം ആശംസിച്ചു. കാതോലിക്കാബാവാ, പൊതു സമ്മേളനം ഉദ്ഘാടനംചെയ്തുകൊണ്ട് ആയധപ്പുരയുടെ കാവൽക്കാർക്ക് ഭാരതത്തിന്റെ പൈതൃകാവകാശം വിട്ടുകൊടുക്കരുത്, സ്നേഹത്തോടെയും സാഹോദര്യത്തോടെയുമുള്ള പ്രവർത്തനമാണ് നമ്മുക്ക് കരഗതമാകേണ്ടതെന്ന് അദ്ദേഹം ഓർമപ്പെടുത്തി. രാജ്യപുരോഗതിയ്ക്കും വർഗ്ഗീയതയ്ക്കെതിരെയുള്ള പോരാട്ടത്തിനും ദൈവജനം പ്രഥമപരിഗണന നല്കണമെന്ന് കാതോലിക്കാബാവാ ആഹ്വാനം ചെയ്തു. വിവിധ ക്ഷേമപദ്ധതികളുടെ ഉദ്ഘാടനകർമ്മം ശ്രീ ആന്റോ ആന്റണി എം. പി, ശ്രീ. മാത്യു റ്റി. തോമസ്, എം. എൽ. എ., നഗരസഭാദ്ധ്യക്ഷ, ശ്രീമതി ഡെൽസി സാം എന്നിവർ നിർവഹിച്ചു. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് റവ. ഫാദർ ഡേവീസ് ചിറമ്മേലിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

ഉച്ചകഴിഞ്ഞ് 2.30 ന് മാർ ഈവാനിയോസ് നഗറിൽ നിന്നും ആരംഭിച്ച ഭക്തി നിർഭരമായ തീർത്ഥാടന പദയാത്ര, സെന്റ്. ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ 4 മണിക്ക് എത്തിച്ചേർന്നു. തുടർന്നു നടന്ന പ്രാർത്ഥനയ്ക്കും സമാപനാശിർവാദത്തിനും ശേഷം അത്യഭിവന്ദ്യ കാതോലിക്കാബാവാ, സഭയിലെ ഒരുലക്ഷം പേരുടെ അവയവദാന സമ്മതപത്രം ബഹു. കേരളാ മുഖ്യമന്ത്രിക്ക് കൈമാറി. മലങ്കര കത്തോലിക്കാസഭയുടെ ശുശ്രൂഷകളും സേവനങ്ങളും സമൂഹത്തിന് മുതൽകൂട്ടാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, സമ്മതപത്രം സ്വീകരിച്ചുകൊണ്ട് പറഞ്ഞു.

86–ാം പുനരൈക്യവാർഷികാഘോഷം കർണ്ണാടക സംസ്ഥാനത്തിലെ പുത്തൂർ ഭദ്രാസനത്തിൽവച്ച് നടക്കുന്നതായിരിക്കുമെന്ന് മോറാൻ മോർ ബസേലിയോല് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ പ്രഖ്യാപിച്ചു. തുടർന്ന്, അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് പിതാവിന് പതാക കൈമാറുകയും ചെയ്തതോടെ 85–ാം പുനരൈക്യവാർഷികാഘോഷങ്ങൾക്ക് സമാപനം കുറിച്ചു.





# മലങ്കര സുറിയാനി കത്തോലിക്കാ സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പതിനെട്ടാമത് സാധാരണ എപ്പിസ്കോപ്പൽ സുന്നഹദോസ് സെപ്റ്റംബർ 21, 22 തീയതികളിലായി തിരുവല്ല മേരിഗിരി ആർച്ച്ബിഷപ്പ് ഹൗസ്,ിൽ സുന്നഹദോസ് പ്രസിഡന്റ് മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ വിളിച്ചുകൂട്ടി. സുന്നഹദോസിൽ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റോം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഏബ്രഹാം മാർ യൂലിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണബാസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ അന്തോണിയോസ്, സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ് എന്നിവർ പങ്കെടുത്തു.

സഭയുടെ ഭരണപരവും അജപാലനപരവുമായ വിഷയങ്ങൾക്കൊപ്പം 2015–ൽ നടന്ന സഭയിലെ പൊതുപരിപാടികളായ 85–ാമത് പുനരൈക്യവാർഷികവും സഭാസംഗമവും, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മയാചരണം എന്നിവയും സുന്നഹദോസ് ചർച്ചചെയ്തു.

# AaeKcihmÀ IÄ

**മാർ ഗ്രിഗോറിയോസ് ശാന്തിയാത്ര**

മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദിയോടനു ബന്ധിച്ച് എം.സി.എ. സഭാതല സമിതി സംഘടിപ്പിക്കുന്ന ഛായാ ചിത്രവാഹനയാത്ര വിവിധഭദ്രാസനങ്ങളിലൂടെ കടന്നു വരുന്നു. ഒക്ടോബർ 7 വൈകിട്ട് 7.00 ന് ചെങ്ങന്നൂർ ദേവാലയത്തിൽ എത്തിചേരുന്ന ശാന്തിയാത്ര ഒക്ടോബർ 8 ന് പുലിയൂർ, ഇലഞ്ഞിമേൽ, പുതിയകാവ്, പുന്നമൂട്, കുറത്തികാട്, ചാരുംമൂട്, നൂറനാട്, പോരുവഴി, കടമ്പനാട്, തുവയൂർ, പെരിങ്ങനാട് ദേവാലയങ്ങളിലൂടെ കടന്നുപോകുന്നു. അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിനെ സ്നേഹപൂർവ്വം ഓർക്കുവാനും പിതാവിന്റെ വ്യക്തിത്വ സവിശേഷതകൾ മനസ്സിലാക്കുവാനും ശാന്തിയാത്ര സഹായകരമാണ്.

**മാർ ഗ്രിഗോറിയോസ് അനുസ്മരണം**

ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായുടെ 21-ാം ഓർമ്മ തിരുന്നാളിന്റെ ഭാഗമായി 11 ഒക്ടോബർ 2015 ഉച്ചകഴിഞ്ഞ് 2.30 ന് എം. സി. എ ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പുന്നമൂട് കത്തീഡ്രലിൽ വച്ച് അനുസ്മരണ മത സൗഹാർദ സമ്മേളനം സംഘടിപ്പിക്കുന്നു. ആദരണിയനായ മുൻ ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്., ഡോ. കെ.സി. രാമചന്ദ്രൻ നായർ, പ്രൊഫ. ഷേക്ക് അഹമ്മദ് എന്നിവർ പ്രഭാഷണം നടത്തുന്നു.

**Laudato Si- പഠന സെമിനാർ**

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ 'Laudato Si' (അങ്ങേയ്ക്ക് സ്തുതി) എന്ന ചാക്രിക ലേഖനത്തെ അധികരിച്ചുള്ള സെമിനാർ 14 ഒക്ടോബർ 2015, രാവിലെ 9.30ന് അമലഗിരി അരമനയിൽ ക്രമീകരിച്ചിരിക്കുന്നു. ചേതനയും കാരിത്താസ് ഇൻഡ്യയുമാണ് സെമിനാർ ക്രമീകരിച്ചിരിക്കുന്നത്.

**ജപമാല പ്രദക്ഷിണ റാലി**

മാവേലിക്കരയിലുള്ള വിവിധ കത്തോലിക്കാ ദേവാലയങ്ങൾ സംയുക്തമായി നടത്തുന്ന ജപമാല പ്രദക്ഷിണ റാലി 25 ഒക്ടോബർ





2015 വൈകിട്ട് 5 ന് മാവേലിക്കര അൽഫോൺസാ ദേവാലയത്തിൽ നിന്നാരംഭിച്ച് പുന്നമൂട് കത്തീഡ്രൽ ദേവാലയത്തിൽ എത്തിച്ചേരുന്നു. വന്ദ്യപിതാവ് അനുഗ്രഹ പ്രഭാഷണവും സമാപന ആശിർവാദവും നൽകുന്നു.

**ദേശിയ ദിവ്യകാരുണ്യകോൺഗ്രസ്**

നവംബർ 12-15 വരെ ബോംബെ അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കപ്പെടുന്നു. 1964 ൽ ബോംബെയിൽ നടന്ന 38-ാം മത് അന്തർദേശിയ ദിവ്യകാരുണ്യ കോൺഗ്രസിന്റെ സുവർണ്ണ ജൂബിലി ആചരണത്തിന്റെ ഭാഗമാണ് ഇപ്പോൾ നടക്കുന്ന ദേശിയ ദിവ്യകാരുണ്യ കോൺഗ്രസ്. യേശു ക്രിസ്തുവിനാൽ പരിപോഷിക്കപ്പെടുന്നത് മറ്റുള്ളവരെ പരിപോഷിപ്പിക്കുവാനാണ് എന്ന വിഷയം ദിവ്യകാരുണ്യ കോൺഗ്രസിൽ പരിചിന്തനം ചെയ്യുന്നു. ഭാരതത്തിലെ 167 ഭദ്രാസനങ്ങളിൽ നിന്ന് പ്രതിനിധികൾ പങ്കെടുക്കുന്നു. വന്ദ്യ ജനറാളച്ചന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ പ്രതിനിധികൾ ഭദ്രാസനത്തിൽ നിന്ന് പങ്കെടുക്കുന്നു. ദിവ്യകാരുണ്യകോൺഗ്രസിന്റെ വിജയകരമായ നടത്തിപ്പിന് വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കാം.

**അഭിനന്ദനങ്ങൾ**

85-ാം പുനരൈക്യവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച അന്തർദേശിയ യുവജന ക്വിസ് മത്സരത്തിൽ (19 സെപ്റ്റംബർ 2015, തിരുമുലപുരം) ഭദ്രാസന യുവജന ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഭദ്രാസനതല എം.സി.വൈ.എം നേതൃത്വത്തിന്നും ക്വിസ് ടിം അംഗങ്ങളായ ജിതിൻ ഷാജി (വെട്ടിയാർ), ലിബിൻ ബാബു (പുത്തൂർ) സാനി മേരി കോശി (കോടുകുളഞ്ഞി) എന്നിവർക്കും അഭിനന്ദനങ്ങൾ

**സമർപ്പിത വർഷം**

സമർപ്പിത വർഷത്തോടനുബന്ധിച്ച് നമ്മുടെ ഭദ്രാസനത്തിൽ വിവിധ ശുശ്രൂഷാ മേഖലകളിൽ ഉൾപ്പെട്ടിരിക്കുന്ന നമ്മുടെ സമർപ്പിത-സഹോദരീ സഹോദരങ്ങളെയും അവരുടെ പ്രേഷിത നിയോഗ

ങ്ങളെയും നമുക്ക് ദൈവസന്നിധിയിൽ സമർപ്പിക്കാം. സുവിശേഷ ചൈതന്യവും കാരുണ്യവുമുള്ള സമർപ്പിതരായി തങ്ങളുടെ ജീവിതം അർത്ഥപൂർണ്ണമായി ജീവിക്കുവാൻ സമർപ്പിതർക്ക് സാധിക്കട്ടെ. ദൈവസന്നിധിയിൽ അവർക്കായി നമ്മുടെ പ്രാർത്ഥന കാഴ്ച വെയ്ക്കാം. ഒക്ടോബർ മാസത്തിൽ ഓർത്ത് പ്രാർത്ഥിക്കേണ്ട സമർപ്പിതരുടെ പേരുകൾ.

സി.അനശ്വര SIC
സി.ജോയൽ SIC
സി.റോസ് SIC
സി.ടെസ്സ SIC
സി.നിത്യ SIC
സി.ഊർസല SIC
സി.ഹൈസീന്ത് SIC
സി.വന്ദന SIC
സി.ഡമഷീൻ SIC
സി.പ്രസന്ന SIC
സി.പുജിത SIC
സി.സൗമ്യ SIC



2015 HIItSm_Àamk¯ nse{]mÀ° \m \ntbmK§Ä

**പൊതുനിയോഗം:** യുവജനങ്ങളുടെ വിദ്യാഭ്യാസ സാധ്യതകളും തൊഴിലവസരങ്ങളും വർദ്ധിക്കുന്നതിന്

**പ്രേഷിതനിയോഗം:** ഏഷ്യയിലെ ക്രൈസ്തവ സമൂഹങ്ങൾ പ്രേഷിതാരൂപിയിൽ നിറഞ്ഞ് സുവിശേഷത്തിനായി കാത്തിരിക്കുന്നവരുടെ ഇടയിൽ സുവിശേഷം പ്രഘോഷിക്കാൻ.





## amÀCuhm\ntbmk ssa\Àskan\mcn

**പുനരൈക്യവാർഷികം**

സെപ്തംബർ 21ന് തിരുവല്ലയിൽ വെച്ച് നടത്തപ്പെട്ട 85-ാം പുനരൈക്യ വാർഷിക ആഘോഷങ്ങളിലും മലങ്കര സഭാ സംഗമത്തിലും വിശുദ്ധ കുർബാനയിലും തീർത്ഥാടന പദയാത്രയിലും സെമിനാരിക്കാർ സജീവമായി പങ്കെടുത്തു.

**വാർഷിക ധ്യാനം**

ഈ വർഷത്തെ വാർഷിക ധ്യാനം ഒക്ടോബർ 19 മുതൽ 24 വരെയുള്ള തീയതികളിൽ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നു.

## ആദരാഞ്ജലികൾ....

**മറിയാമ്മ തോമസ് പാപ്പാടിയിൽ (69)**

ഭദ്രാസന ചാൻസിലർ ബഹു. ഏബ്രഹാം പാപ്പാടിയിലച്ചന്റെ വത്സല സഹോദരിയും പെരിങ്ങനാട് ഇടവകാംഗവുമായ കരിങ്കുറ്റിക്കൽ പാപ്പാടിയിൽ ശ്രീമതി മറിയാമ്മ തോമസ് 9 സെപ്തംബർ 2015 ൽ നിര്യാതയായി. ശവസംസ്ക്കാര ശുശ്രൂഷ അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ സഹകാർമ്മികത്വത്തിലും 11 സെപ്തംബറിൽ നടന്നു. ഇടവകയുടെ മതബോധന പരിശീലനത്തിൽ ദീർഘകാലം സ്തുത്യർഹ സേവനം നൽകിയ വത്സല സഹോദരിക്ക് ഹൃദയാഞ്ജലി!

# tNX\

Chethana Integrated Development Society
CHIDS
Diocese of Mavelikara

**1.** Laudato Si- Seminar

'Laudato Si' എന്ന മാർപാപ്പയുടെ ചാക്രിക ലേഖനത്തെ അടിസ്ഥാനമാക്കി ചേതന ഒക്ടോബർ 14 ന് മാവേലിക്കര ബിഷപ്പ്സ് ഹൗസിൽ വെച്ച് സെമിനാർ സംഘടിപ്പിക്കുന്നു. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്ന സെമിനാർ ഫാ. വിൻസെന്റ് കുണ്ടുകുളം (പ്രൊഫ. പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ആലുവ) നയിക്കും. മോൺ. ജോർജ്ജ് ചരുവിള കോർ എപ്പിസ്ക്കോപ്പ, മോൺ. വർഗ്ഗീസ് മറ്റമന വിവിധ രൂപതാ സൊസൈറ്റികളുടെ ഡയറക്ടർമാർ, വിവിധ രൂപതകളിലെ ബഹു. വൈദീകർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ചേതന സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ സെമിനാറിൽ പങ്കെടുക്കും.

**2. നൂറനാട് ഇടവക മാതൃകയായി**

നൂറനാട് St. Renetus ഇടവകയുടെ തിരുനാളിനോടനുബന്ധിച്ച് സണ്ടേസ്ക്കൂൾ കുട്ടികൾ അവരുടെ പോക്കറ്റ് മണി ശേഖരിച്ച് ക്യാൻസർ രോഗികൾക്കായി ചേതനയിൽ നൽകി. കുട്ടികളും അധ്യാപകരും ചേർന്ന് ശേഖരിച്ച 15,000 രൂപ ഭക്തസംഘടനകളുടെ വാർഷിക യോഗത്തിൽ വികാരി ഫാ. ജോർജ് വർഗ്ഗീസ് കുളഞ്ഞികൊമ്പിൽ ചേതന ഡയറക്ടറെ ഏൽപ്പിച്ചു. മാതൃകാപരമായ ഈ ഉദ്യമത്തിന് നേതൃത്വം നൽകിയ വികാരി, സൺഡേ സ്ക്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി അമ്മിണി രാജു, അധ്യാപകർ, ഇടവക അംഗങ്ങൾ തുടങ്ങിയവർക്ക് ചേതനയുടെ നന്ദി.

**3. മാവേലിക്കര റീജിയൺ വാർഷികം**

മാവേലിക്കര റീജിയൺ വാർഷികം സെപ്തംബർ 26 ന് പേർകാട് എൽ.പി സ്ക്കൂളിൽ വെച്ച് നടത്തപ്പെട്ടു. ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത് അദ്ധ്യക്ഷത വഹിച്ച സമ്മേളനം പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനികൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. നിർദ്ദനരായ 8 രോഗികൾക്ക് 16,000 രൂപ ധനസഹായം നൽകിക്കൊണ്ട് റീജിയൺ വാർഷികം വ്യത്യസ്ഥമായി ആഘോഷിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. കിച്ചേരി ശ്രീകുമാർ, റീജണൽ ഓഫീസർ ശ്രീ. ജിന്റോ.എസ്, അനിമേറ്റർ ശ്രീ. ജോസ് ചാക്കോലിൽ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

**4. കൊല്ലം-പുത്തൂർ റീജണൽ വാർഷികം**

കൊല്ലം-പുത്തൂർ റീജണൽ വാർഷികം ഒക്ടോബർ 2 അമ്പലത്തുംകാല യൂണിറ്റിൽ വെച്ച് നടത്തപ്പെട്ടു.

**5. വിധവകൾ, ഏകസ്ഥർ എന്നിവർക്കുള്ള പരിശീലനം**

ഒക്ടോബർ 2 ന് അമ്പലത്തുംകാല യൂണിറ്റിൽ വെച്ച് വിധവകൾ, ഏകസ്ഥർ എന്നിവർക്കുള്ള പരിശീലന പരിപാടി നടത്തപ്പെട്ടു. സിസ്റ്റർ സിൽവിയ ഒ.എസ്.എസ്. പരിശീലന പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

**6. മൈക്രോ ഫിനാൻസ് പരിശാലനം**

ചേതന ആരംഭിക്കുന്ന മൈക്രോഫിനാൻസ് പ്രവർത്തനങ്ങൾക്കായുള്ള വിദഗ്ധ പരിശീലനം തിരുവനന്തപുരം മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വെച്ച് 2015 സെപ്തംബർ 25-ാം തീയതി നടത്തപ്പെട്ടു. MSSS ഡയറക്ടർ ഫാ. ബോവസ് മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു. ചേതന ഡയറക്ടർ, സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**7.** SMPB CEO **ചേതന സന്ദർശിച്ചു**

സംസ്ഥാന ഔഷധ സസ്യ ബോർഡ് CEO ശ്രീ. കെ.ജി.

ശ്രീകുമാറും TBGRI പ്രിൻസിപ്പൽ സൈന്റിസ്റ്റ് ശ്രീ. പി. ഗോപാലകൃഷ്ണനും 2015 സെപ്തംബർ 28 ന് ചേതന സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. സംസ്ഥാന തലത്തിൽ മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്ന ചേതനയെ അനുമോദിക്കുകയും പുതിയ പദ്ധതി സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

**8.** SPED II

**തയ്യൽ യൂണിറ്റുകൾ**

സ്ത്രീകൾക്ക് ഒരു വരുമാന മാർഗ്ഗമാകുന്നതിനായി പള്ളിപ്പാട്, ഹരിപ്പാട് എന്നീ പ്രദേശങ്ങളിലെ 10 അംഗങ്ങൾ അടങ്ങുന്ന 8 യൂണിറ്റുകളിലേക്ക് 16 തയ്യൽ മെഷിനുകൾ സൗജന്യമായി നൽകിക്കൊണ്ട് 3 മാസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി ഒക്ടോബർ മാസം നടപ്പിലാക്കും.

**ഇടവിളകൃഷി**

ജൈവ കൃഷിയുടെ പ്രോത്സാഹത്തിലൂടെ ജനങ്ങൾക്ക് നല്ല ആരോഗ്യം ലഭിക്കുന്നതിനും, നല്ല ഭക്ഷണ രീതിയിലേക്ക് തിരിയുന്നതിനും വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇഞ്ചി, ചേന, ചേമ്പ്, വാഴ തുടങ്ങിയ ഇടവിളകളാണ് വിതരണം ചെയ്യുന്നത്.

**മെഴുകുതിരി നിർമ്മാണം**

സ്വന്തമായി ഒരു വരുമാനമാർഗ്ഗം കണ്ടെത്തുന്നതിനും ഒന്നിച്ചു നിന്നുകൊണ്ട് സംരംഭങ്ങൾക്ക് തുടക്കമേകുന്നതിനും സ്ത്രീകളെ സഹായിക്കുന്ന പരിശീലന പരിപാടി 8 വാർഡുകളിലായി 25 സ്ത്രീകൾക്ക് നൽകുന്നു.

**കൂൺകൃഷി പരിശീലനം**

NABARD ന്റെ സഹകരണത്തോടെ ചേതന ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന കൂൺ കൃഷി പരിശീലനം വെണ്മണി, കായംകുളം എന്നീ യൂണിറ്റുകളിൽ ഒക്ടോബർ 19 മുതൽ ആരംഭിക്കുന്നതാണ്. 13 ദിവസം നീണ്ടു നിൽക്കുന്ന പരിശീലന





പരിപാടിയിൽ കൂൺ കൃഷിയുടെ വിശദമായ ക്ലാസ്സുകൾ, ബാങ്ക് ലിങ്കേജ്-മാർക്കറ്റിംഗ് -മൂല്യവർധിധ ഉത്പന്നങ്ങളുടെ നിർമ്മാണം-ഗവൺമെന്റെ സുരക്ഷ പദ്ധതികൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സുകളും ഉൾപ്പെടുത്തിയിരിക്കുന്നു. പരിശീലനത്തിനു ശേഷം പങ്കെടുത്തവർ യൂണിറ്റുകളായി ബാങ്കിൽ നിന്നും ലോൺ എടുത്ത് വ്യാവസായികാടിസ്ഥാനത്തിൽ കൂൺ ഉത്പാദനം നടത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

Regional Meeting

2015 October 20 ന് റീജിയണൽ മീറ്റിംഗ് അതത് റീജണിൽ വച്ച് നടത്തപ്പെടും.

Students Day - APJ Abdul Kalam Day

Dr. APJ Abdul Kalam ന്റെ ജന്മദിനം അനുസ്മരിക്കുന്നതിന്റെ ഭാഗമായി കായംകുളം സെന്റ് മേരീസ് സ്ക്കൂളിൽ വെച്ച് 2015 ഒക്ടോബർ 15 ന് വിദ്യാർത്ഥികളും അവകാശങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി.

**സ്ക്കൂൾ ഔഷധസസ്യ ഉദ്യാനം**

ദേശീയ ഔഷധ സസ്യ ബോർഡിന്റെ സഹായത്തോടെ ചേതന നടപ്പിലാക്കി വരുന്ന സ്ക്കൂൾ ഔഷധസസ്യോദ്യാന പദ്ധതി 2015 സെപ്തംബർ മാസം പൊങ്ങ ഗവ. എൽ.പി.എസ്സിൽ വെച്ച് വാർഡ് മെമ്പർ ശ്രീ. ബാലൻ നാരായണനും, ഹരിപ്പാട് ഗവ. ജി.എച്ച്.എസ്സിൽ വെച്ച് ബഹു. ആഭ്യന്തര മന്ത്രി ശ്രീ. രമേശ് ചെന്നിത്തലയും ഉദ്ഘാടനം ചെയ്തു. SMPB CEO ശ്രീ. കെ.ജി. ശ്രീകുമാർ ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത് കോ-ഓർഡിനേറ്റർ രാജി കൃഷ്ണ, റെജി രാജൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് ബോധവത്ക്കരണ ക്ലാസ്സും നടപ്പിലാക്കി.

# {]t_m[\

**ദർശന-2015**

24.09.2015 ൽ കറ്റാനം പോപ്പ് പയസ് ഹയർ സെക്കൻ്ററി സ്ക്കൂളിൽ വച്ച് മതബോധന അധ്യാപകർക്ക് വേണ്ടിയുള്ള തുടർ പരിശീലന ക്ലാസ്സ് ബഹു. ആൻ്റണി കാക്കാനാട് അച്ചന്റെ നേതൃത്വത്തിൽ നടത്തി. 22.10.2015 വ്യാഴാഴ്ച പരിശീലനത്തിന്റെ രണ്ടാമത്തെ ക്ലാസ്സ് ഉച്ചയ്ക്ക് 2.00 മണിക്ക് കറ്റാനം പോപ്പ് പയസ് ഹയർ സെക്കൻ്ററി സ്ക്കൂളിൽ വച്ച് നടത്തപ്പെട്ടു.

**സർഗ്ഗോത്സവം-2015**

ഈ വർഷത്തെ സർഗ്ഗോത്സവം-2015 രചനാ മത്സരം നവംബർ മാസം 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 4.30 വരെ ജില്ലാ കേന്ദ്രങ്ങളിൽ വെച്ചും കലാമത്സരം 2016 ജനുവരി 26 തിങ്കളാഴ്ച കറ്റാനം പോപ്പ് പയസ് ഹയർ സെക്കൻ്ററി സ്ക്കൂളിൽ വെച്ചും നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽ നിന്നും ഉള്ള കുട്ടികളും അദ്ധ്യാപകരും സർഗ്ഗോത്സവത്തിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അർദ്ധ വാർഷിക പരീക്ഷ**

സണ്ടേസ്ക്കൂൾ കുട്ടികളുടെ അർദ്ധവാർഷിക പരീക്ഷ നവംബർ 8-ാം തീയതി അതാത് ഇടവകകളിൽ നടത്തപ്പെടുന്നു.





**വിശ്വാസ പരിശീലന ദിന കവർകളക്ഷൻ**

| | | | |
|---|---|---|---|
| പുന്നമൂട് | -10000.00 | കുറത്തികാട് - | 3500.00 |
| ശൂരനാട് വടക്ക് | - 2000.00 | വെട്ടിയാർ - | 2500.00 |
| കൈതക്കോട് | - 2000.00 | പുലിയില - | 1100.00 |
| അമ്പലത്തുംകാല | - 2000.00 | ചാത്തന്നൂർ - | 501.00 |
| പുതിയകാവ് | - 2000.00 | ഇടനാട് - | 1000.00 |
| കാരിക്കൽ | - 780.00 | കല്ലുവാതുക്കൽ - | 2040.00 |
| പെരിങ്ങനാട് | - 3935.00 | അടുതല - | 3030.00 |
| പാറക്കൂട്ടം | - 2000.00 | കൊട്ടറ - | 2220.00 |
| അന്തിച്ചിറ | - 250.00 | വെളിയം വെസ്റ്റ് - | 1900.00 |
| കരിന്തോട്ടുവ | - 1110.00 | പെരിങ്ങാല - | 1950.00 |
| പള്ളിക്കാവിള | - 1500.00 | കായംകുളം - | 3170.00 |
| കോട്ടുവിള | - 400.00 | പുലിയൂർ - | 3000.00 |
| മുന്നുമുക്ക് | - 1450.00 | ചെങ്ങന്നൂർ - | 5000.00 |
| മുതുപിലാക്കാട് | - 1100.00 | കല്ലുമല - | 1250.00 |
| ചൊവ്വള്ളൂർ | - 2500.00 | ഇടപ്പോൺ - | 1500.00 |
| കുണ്ടറ | - 4327.00 | | |

**വിശ്വാസ പരിശീലനദിന കാണിക്ക**

| | | | |
|---|---|---|---|
| പുന്നമൂട് | - 5000.00 | കുറത്തികാട് - | 1785.00 |
| കൈതക്കോട് | - 500.00 | മുതുപിലാക്കാട് - | 800.00 |
| അമ്പലത്തുംകാല | - 1900.00 | ചൊവ്വള്ളൂർ - | 800.00 |
| കുടശ്ശനാട് | - 1373.00 | വെട്ടിയാർ - | 1300.00 |
| പുതിയകാവ് | - 1000.00 | ശൂരനാട് സൗത്ത്- | 750.00 |
| കാരിക്കൽ | - 500.00 | പുലിയില - | 365.00 |
| പെരിങ്ങനാട് | - 1000.00 | ചാത്തന്നൂർ - | 340.00 |
| പാറക്കൂട്ടം | - 1000.00 | വെളിയം വെസ്റ്റ് - | 850.00 |
| അന്തിച്ചിറ | - 250.00 | കല്ലുമല - | 750.00 |
| കരിന്തോട്ടുവ | - 746.00 | മുന്ന്മുക്ക് - | 500.00 |
| പള്ളിക്കാവിള | - 700.00 | ഇടപ്പോൺ - | 500.00 |
| കോട്ടുവിള | - 230.00 | | |

# മലങ്കര കത്തോലിക്ക യുവജന പ്രസ്ഥാനം
# (എം. സി. വൈ. എം)

**അന്തർദേശീയ യുവജന ക്വിസ്**

25 – ാമത് അന്തർദേശീയ യുവജന കൺവൻഷൻ അനുബന്ധിച്ചു നടന്ന അന്തർദേശീയ യുവജന ക്വിസ് മത്സരത്തിൽ മാവേലിക്കര ഭദ്രാസനം രണ്ടാം സ്ഥാനം കരസ്ഥമാക്കി. മത്സരത്തിൽ പങ്കെടുത്ത സാനി മേരി കോശി (ചെങ്ങന്നൂർ ജില്ല), ജിതിൻ ഷാജി (മാവേലിക്കര ജില്ല), ലിബിൻ ബാബു (പുത്തൂർ ജില്ല) എന്നിവർക്ക് എം.സി.വൈ.എം മാവേലിക്കര ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ. ടീമിനു പരിശീലനം നല്കിയ ശ്രീ. അനിൽ ബേബി (പെരിങ്ങനാട്), ശ്രീ. ജോസ് മത്തായി (കുടശനാട്) എന്നിവർക്ക് നന്ദി.

**ഓണാഘോഷം**

പുത്തൂർ വൈദീക ജില്ലയുടെ നേതൃത്വത്തിൽ സെപ്തംബർ 24 ന പാലാ ബാലിക ഭവനിൽ വച്ച് എം.സി.വൈ.എം മാവേലിക്കര ഭദ്രാസനത്തിന്റെ ഈ വർഷത്തെ ഓണാഘോഷം നടത്തി. ഇതിൽ പങ്കെടുത്ത എല്ലാ വൈദീകർക്കും, സിസ്റ്റേഴ്സിനും, ഭദ്രാസന – ജില്ല ഭാരവാഹികള്ക്കും, ജില്ലയിലെ എല്ലാ യുവതി യുവാക്കൾക്കും നന്ദി.

**തൂലിക 2015 (എം.സി.വൈ.എം രചനാ മത്സരങ്ങൾ)**

1. ഒക്ടോബർ 2 (വെള്ളി) രാവിലെ 9:00 മണി മുതൽ. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു.





2. ഉത്തരപേപ്പറുകൾ ജില്ലകളിൽ വാലുവേഷൻ ചെയ്ത ശേഷം ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയ പേപ്പറുകൾ ഭദ്രാസന സമിതിയിൽ ഒക്ടോബർ 15 ന മുമ്പ് എത്തിക്കേണം.

**വേദി 2015 (എം.സി.വൈ.എം ജില്ലാ കലാമത്സരങ്ങൾ)**

വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് ഒക്റ്റോബർ 22, 23, 24 തിയതികളിൽ നടത്തപ്പെടുന്നു.

**ഷട്ടിൽ ടൂർണമെന്റ്**

യുവജങ്ങൾക്കു വേണ്ടിയുള്ള ഭദ്രാസനതല ഷട്ടിൽ ടൂർണമെന്റ് ഒക്ടോബർ 25 (ഞായർ), ഉച്ചയ്ക്ക് 2 മണി മുതൽ നടത്തപ്പെടുന്നു. മത്സരവേദി പിന്നീട് അറിയിക്കുന്ന തായിരിക്കും. ഒരു ജില്ലയിൽ നിന്ന് ഒരു ടീമിനു പങ്കെടുക്കാം.

**വേദി 2015 (എം.സി.വൈ.എം ഭദ്രാസന കലാമത്സരങ്ങൾ)**

നവംബർ 14 (ശനി), ചെങ്ങന്നൂർ ജില്ലയുടെ നേതൃത്വത്തിൽ വെൺമണി സെന്റ് ജൂഡ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

**വേദി 2015**

**വ്യക്തിഗതയിനങ്ങൾ**

**1. ലളിതഗാനം** (5 മിനിട്ട്)
യുവതികൾക്കും യുവാക്കൾക്കും പ്രത്യേകം.

**2. പ്രസംഗം** (5 മിനിട്ട്)
യുവതികൾക്കും യുവാക്കൾക്കും പ്രത്യേകം.

**3. പദ്യപാരായണം** (5 മിനിട്ട്)
പൊതുവിഷയം,യുവതികൾക്കും യുവാക്കൾക്കും പ്രത്യേകം.

**4. മോണോ ആക്ട്** (5 മിനിട്ട്)
ബൈബിൾ വിഷയം – പൊതുവിൽ.

**5. വചന പ്രഘോഷണം** (5 മിനിട്ട്)
ബൈബിൾ – പൊതുവിൽ.

**സംഘയിനങ്ങൾ**

**6. ഡിബേറ്റ്** (8 മിനിട്ട്) – 2 അംഗങ്ങൾ
വിഷയം ആസ്പദമാക്കി ഒരാൾ അനുകൂലമായും അടുത്തയാൾ പ്രതികൂലമായും യുക്തിസഹജമായും കാര്യകാരണ സഹിതം

സംസാരിക്കണം. (വിഷയം മത്സരത്തിനു 5 മിനിട്ട് മുമ്പ് നൽകും).

***7. ആരാധനാ ഗീതം*** (7 മിനിട്ട്) – 5 പേരിൽ കുറയരുത്, 10 പേരിൽ കവിയരുത്.
(ഗാനഭാഗം – പുരുഷന്മാരുടെ ശവസംസ്കാര ശുശ്രൂഷ).

**8. എം.സി.വൈ.എം ആന്തം** (7 മിനിട്ട്) – കാണാതെ പാടണം – ഒരാൾ എം.സി.വൈ.എം പതാക പിടിക്കണം – 5 പേരിൽ കുറയരുത്, 10 പേരിൽ കവിയരുത്.

**9. മാർഗ്ഗം കളി** (7 മിനിട്ട്) – 7 പേർ, പെൺകുട്ടികൾ മാത്രം.
മാനദണ്ഡങ്ങൾ – വേഷം, ഭാവം, താളം, ചുവട്, കൈമുദ്രകൾ, കൈചലനങ്ങൾ, മണ്ഡലങ്ങൾ, പാട്ട് എന്നിവ.

**10. മൂകാഭിനയം / മൈം** (8 മിനിട്ട്) –
പൊതുവിഷയം 10 പേരിൽ കവിയരുത് – പശ്ചാത്തല സംഗീതം ലൈവ് അല്ലെങ്കിൽ റിക്കോർഡ് ആയി അവതരിപ്പിക്കാം – ധാർമ്മിക മൂല്യങ്ങളെ ഹനിക്കരുത് – വിഷയത്തിനു അനുയോജ്യമായ വേഷവിധാനം ഉപയോഗിക്കാം.

# I pSpw_ t{] jnX I mcymebw

**വിവാഹ ഒരുക്ക സെമിനാർ**

ഒക്ടോബർ 9, 10, 11 തീയതികളിൽ പഴകുളം പാസ്റ്ററിൽ വിവാഹ ഒരുക്ക സെമിനാർ ക്രമീകരിച്ചിരിക്കുന്നു.

**മാതൃവേദി- രചന 2015**

മവേലിക്കര ഭദ്രാസനത്തിലെ മാതൃവേദിയുടെ രചന 2015 രചനാമത്സരങ്ങൾ 2015 നവംബർ മാസം 14-ാം തീയതി ജില്ലാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു





**ജില്ലാകേന്ദ്രങ്ങൾ**

മവേലിക്കര - ബഥനി ബാലികാമഠം എൽ. പി. എസ്, നങ്ങ്യാർകുളങ്ങര
ചെങ്ങന്നൂർ - ബേത്‌ലഹേം മലങ്കര കാത്തലിക്ക് ചർച്ച്, പുലിയൂർ
കടമ്പനാട് - ഇൻഫന്റ് ജീസസ് സെൻട്രൽ സ്ക്കൂൾ, തുവയൂർ
കറ്റാനം - സെന്റ് സ്റ്റീഫൻസ് മലങ്കര കാത്തലിക്ക് ചർച്ച്, കറ്റാനം
പുത്തൂർ - സെന്റ് മേരീസ് മലങ്കര കാത്തലിക്ക് ചർച്ച്, പുത്തൂർ
കൊല്ലം - സെന്റ് തോമസ് മലങ്കര കാത്തലിക്ക് ചർച്ച്, ചാത്തന്നൂർ
ആരാധനാഗീതം : പുരുഷൻമാരുടെ ശവസംസ്ക്കാരം 1, 2 ഭാഗങ്ങൾ
ബൈബിൾ സ്കിറ്റ് : വി. യോഹന്നാൻ 20:1-18 (7 മിനിറ്റ് )

**നിബന്ധനകൾ**

1. പരമാവധി 10 പേർക്ക് പങ്കെടുക്കാം
2. നിശ്ചിത വിഷയം സ്കിറ്റ് രൂപത്തിൽ തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്
3. ബൈബിൾ സന്ദേശം പൂർണ്ണമായും ഉൾക്കൊള്ളണം
4. ടീമിനു നിശ്ചിത യൂണിഫോം, മേക്കപ്പ് എന്നിവ ഉപയോഗിക്കാം

# മലങ്കര കാത്തലിക് അസോസിയേഷൻ (എം. സി. എ)

**ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണ ശാന്തിയാത്ര**

ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മ ശതാബ്ദി ആഘോഷിക്കുന്ന ഈ വർഷം എം. സി. എ സഭാതല സമിതിയുടെ നേതൃത്വത്തിൽ ശാന്തിയാത്ര സംഘടിപ്പിക്കുന്നു. ഒക്ടോബർ 6-ാം തീയതി

പിതാവിന്റെ ജന്മസ്ഥലമായ തിരുവല്ല കല്ലുപ്പാറയിലെ ജന്മഗൃഹത്തിൽ നിന്ന് തുടങ്ങി തിരുവല്ല, പത്തനംതിട്ട, മാവേലിക്കര, തിരുവനന്തപുരം രൂപതകളിലെ പള്ളികൾ സന്ദർശിച്ച് ഛായാചിത്ര വാഹനയാത്ര ഒക്ടോബർ 9 ന് നാലാഞ്ചിറ സെന്റ് തോമസ് പള്ളിയിൽ എത്തിച്ചേരുന്നു. അവിടെ നിന്ന് പദയാത്രയായി പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ പിതാവിന്റെ കബറിടത്തിലെത്തി ചേരുന്നു.

**ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് ജന്മശതാബ്ദി**

മലങ്കര കത്തോലിക്കാ സഭയുടെ വത്സലപിതാവും കേരളക്കരയുടെ ധാർമ്മിക ശബ്ദവുമായിരുന്ന ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷമാണല്ലോ ഇത്. വന്ദ്യപിതാവ് നമ്മെ വിട്ട് പിരിഞ്ഞിട്ട് 21 വർഷം തികയുന്നു. തിരുമേനിയിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ച നന്മകളെ അനുസ്മരിക്കുന്നതിനുവേണ്ടി മലങ്കര കത്തോലിക്കാ സഭാമക്കൾ ഒത്ത് ചേരുന്നു.

മലങ്കര കാത്തലിക് അസോസിയേഷൻ മാവേലിക്കര ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ **ഒക്ടോബർ 11 ഞായറാഴ്ച 2.30 pm ന് പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് അനുസ്മരണ പ്രഭാഷണവും മതസൗഹാർദ്ദ സമ്മേളനവും** മാർ ഈവാനിയോസ് ഉപന്യാസ-ക്വിസ് മത്സര വിജയികൾക്കുള്ള ട്രോഫി, കാഷ് അവാർഡ് വിതരണവും നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽനിന്നും പ്രതിനിധികൾ പങ്കെടുത്ത് അനുസ്മരണ മതസൗഹാർദ്ദ സമ്മേളനം ധന്യമാക്കുവാൻ ഏവരേയും ക്ഷണിക്കുന്നു.

**അനുസ്മരണ മതസൗഹാർദ്ദ സമ്മേളനം**

| | | |
|---|---|---|
| 2.30 pm ന് | : | |
| പ്രാർത്ഥനാഗാനം | : | **സൺഡേസ്കൂൾ, പുന്നമൂട് ഇടവക** |
| സ്വാഗതം | : | **ശ്രീ. ബാബു അമ്പലത്തുംകാല** (MCA, സഭാതല വൈസ് പ്രസിഡന്റ്) |
| ആമുഖം | : | **റവ. ഫാ. ജോർജ്ജ് വർഗ്ഗീസ് കുളഞ്ഞികൊമ്പിൽ** |





| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | **ശ്രീ. തോമസ് ജോൺ തേവരേത്ത്** |
| ഉദ്ഘാടനം | : | **മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത** |
| പ്രഭാഷണങ്ങൾ | : | **ഡോ. അലക്സാണ്ടർ ജേക്കബ്** ഐ.പി.എസ്. (റിട്ട. ഡി.ജി.പി.) |
| | | **ഡോ. എസ്.കെ. രാമചന്ദ്രൻനായർ** (അസി. മെഡിക്കൽ സൂപ്രണ്ട്, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസേർച്ച്) |
| | | **പ്രൊഫ. ഷേക്ക് അഹമ്മദ്** (പ്രിൻസിപ്പാൾ, എം.എസ്.എം.കോളേജ്, കായംകുളം) |
| ആശംസ | : | **ശ്രീ. സജിജോൺ പായിക്കാട്ടേത്ത്** (സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ) |
| കൃതജ്ഞത | : | **ശ്രീ. അലക്സ് എബ്രഹാം** (ട്രഷറർ, എം.സി.എ. മാവേലിക്കര ഭദ്രാസനം) |

**പാപ്പാമംഗളം, ദേശീയഗാനം**

**പ്രത്യേക അറിയിപ്പ്**

- ഇടവകകളുടെ സജീവ പങ്കാളിത്തം ഉണ്ടാകുവാൻ യൂണിറ്റ്/ജില്ലാ/രൂപതാ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കണം.
- ആത്മായദിന കാണിക്ക, മെമ്പർഷിപ്പ് ഫീ ഇനിയും നൽകിയിട്ടില്ലാത്ത ഇടവകകൾ ഒക്ടോബർ 10 ന് മുമ്പായി ഭദ്രാസന സമിതിയെ ഏല്പിക്കേണ്ടതാണ്.
- ഒക്ടോബർ 7,8 തീയതികളിൽ നടക്കുന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ് ശാന്തിയാത്രയിലും ശാന്തിയാത്ര കടന്നുപോകുന്ന ഇടവകകളിലും സജീവ പങ്കാളിത്തം ഉണ്ടാകുവാൻ പ്രത്യേകം ശ്രദ്ധിക്കണമെ.

## sI.kn.Fk.FÂ

എല്ലാ കെ.സി.എസ്.എൽ യൂണിറ്റുകളിലും സെപ്തംബർ 5 അധ്യാപക ദിനമായി ആചരിച്ചു. അന്നേ ദിവസം കെ.സി.എസ്.എൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അധ്യാപകരെ ആദരിക്കുന്ന ചടങ്ങുകൾ നടത്തുകയുണ്ടായി.

ശതാബ്ദി സാഹിത്യോത്സവം ഒക്ടോബർ 16 ന് മുമ്പ് യൂണിറ്റുകളിൽ നടത്തുകയും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന പേപ്പറുകൾ ഭദ്രാസന ആനിമേറ്ററിനെ ഏൽപ്പിക്കേണ്ടതുമാണ്.

ശതാബ്ദി ആഘോഷങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനായി യൂണിറ്റ് ആനിമേറ്റേഴ്സിന്റെ ഒരു യോഗം കറ്റാനം പോപ്പ് പയസ് സ്ക്കൂളിൽ വെച്ച് ഒക്ടോബർ 30-ാം തീയതി കൂടുന്നതാണ്. അന്നേ ദിവസം തന്നെ മാർ ഈവാനിയോസ് മെമ്മോറിയൽ ക്വിസ് മത്സരവും നടത്തപ്പെടുന്നതാണ്.

## CXm \½psS A½

പ്രാർത്ഥന കൂട്ടായ്മകളിലും, സുവിശേഷ യോഗങ്ങളിലും ആലപിക്കത്തക്കവിധത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ ഗാനങ്ങൾ മാത്രം അടങ്ങിയ **ഇതാ നമ്മുടെ അമ്മ** എന്ന പാട്ടുപുസ്തകം ഫാ. ഗീവർഗീസ് നെടിയമലയിൽ ക്രോഡീകരിച്ച് വിൽപനയ്ക്ക് തയ്യാറാക്കിയിട്ടുണ്ട്. 65 രൂപാ നിരക്കിൽ പ്രമുഖ ക്രിസ്ത്യൻ പുസ്തക ശാലകളിൽ പാട്ടുപുസ്തകം ലഭ്യമാണ്.





## പ്രോലൈഫ്

**എം.ടി.പി ആക്ട് ഭേദഗതിക്കെതിരെ പ്രതിഷേധിച്ചു**

കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഒരുങ്ങുന്ന എം.ടി.പി ആക്ട് ഭേദഗതിക്കെതിരെ കെ.സി.ബി.സി യുടെ ആഹ്വാന പ്രകാരം മാവേലിക്കര ഭദ്രാസനത്തിലെ ജീവൻ സംരക്ഷണ സമിതി പ്രതിഷേധയോഗം നടത്തുകയും പ്രതിഷേധപ്രമേയം അവതരിപ്പിക്കുകയും ചെയ്തു.

ജീവൻ സംരക്ഷണ സമിതി ഭദ്രാസന ഡയറക്ടർ ഫാ. ഗീവർഗീസ് ചാക്കപ്പുട്ടിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു.

ജീവദാതാവിന് മാത്രമേ ജീവൻ തിരിച്ചെടുക്കുവാൻ അവകാശമുള്ളു. ജീവന്റെ മഹത്വം തിരിച്ചറിഞ്ഞ്, ഗർഭത്തിന്റെ ഏതവസ്ഥയിലുമുള്ള അബോർഷനും കൊലപാതകമാണെന്ന സത്യം മനസിലാക്കി ഈ നീക്കത്തിൻ നിന്ന് സർക്കാർ പിൻമാറണമെന്ന് അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു. എബ്രഹാം പുത്തൻകുളം ക്ലാസെടുത്തു. സാമുവൽ വടക്കേക്കുറ്റി എം.ടി.പി ആക്ട് ഭേദഗതിക്കെതിരെയുള്ള പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു. വികാരി ജനറൽ മോൺ. ജോർജ് ചരുവിള കോർ എപ്പിസ്കോപ്പ, കത്തീഡ്രൽ വികാരി ഫാ. ബനഡിക്ട് പെരുമുറ്റം, പ്രൊക്കുറേറ്റർ ഫാ. മാത്യൂസ് കുഴിവിള എന്നിവർ പ്രസംഗിച്ചു.

# സ്മരണീയ ദിനങ്ങൾ

**ഒക്ടോബർ**

01 - വി. കൊച്ചുത്രേസ്യാ

02 - കാവൽ മാലാഖമാർ

03 - അരിയോപാഗസിലെ മാർ ദിവന്നാസിയോസ്

04 - വി. ഫ്രാൻസിസ് അസിസ്സി, മാർ ദുമാത്തിയോസ്,
മലങ്കര സുറിയാനി കത്തോലിക്കാ യുവജനദിനം

07 - മാർ സർഗീസും മാർ ബക്കോസും
ജപമാല തിരുനാൾ

09 - ഗോത്രപിതാവായ അബ്രഹാം

10 - ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മ,
ദാനിയേൽ നിബിയാ

11 - മാർ പീലിപ്പോസ് ശെമ്മാശൻ,
വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ

15 - ആവിലായിലെ വി. അമ്മത്രേസ്യാ

17 - സുവിശേഷകനായ വി. ലൂക്കോസ്

18 - മിഷൻ ഞായർ

20 - ജോയേൽ നിബിയ

22 - മാർ ഹിലാരിയോൻ,
വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ

23 - ഹൽപെയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹാ

28 - ബത്തേരി ഭദ്രാസന സ്ഥാപനദിനം





# *Let us Remember, Congratulate and Pray...*

## OCTOBER

### Birthday

| | | |
|---|---|---|
| Fr. Robert Palavilayil | - | October 03 |
| Fr.John Jacob Peroorparambil | - | October 05 |
| Fr. Thomas Panicker Kattanam | - | October 08 |
| Fr. Cheriyan Kolanjikompil | - | October 16 |
| Fr. Sylvester Thekkedath | - | October 25 |
| Fr. Varghese Kochukaleeckal | - | October 25 |

### Feast Day

| | | |
|---|---|---|
| Fr. Francis Plavarakunnil | - | October 04 |
| Fr. Abraham Pappadiyil | - | October 09 |
| Fr. Abraham Thalothil | - | October 09 |
| Fr. Abraham Lukose Kizhakkedath | - | October 09 |
| Fr. Daniel Mangalathu | - | October 10 |
| Rt. Rev. Daniel Kochuvila Remban | - | October 10 |
| Fr. Daniel Thekkedath | - | October 10 |
| Fr. Lukose Kannimel | - | October 18 |

### Ordination day

| | | |
|---|---|---|
| Fr. Daniel Mangalath | - | October 19 |
| Fr. Thomas Panicker P. G | - | October 20 |



# Programme Diary of His Grace

## OCTOBER

| Date | Venue / Function | Time |
|---|---|---|
| 01-08 | Europe | |
| 09-10 | Pattom Cathedral- Mar Gregorios Day | |
| 10 | Karickam/ Kizhakeveettil Kudumbayogam | 11.00 AM |
| 11 | Amalagiri/ Mar Gregorios Anusmaranam | 02.30 PM |
| 12 | Kizhaketheruvu | 06.30 AM |
| 13 | Nagappuzha | 08.00 AM |
| 14 | Amalagiri/ Laudato Sí Seminar | 09.30 AM |
| 15 | Alappuzha | 11.00 AM |
| 16 | Kattanam/ YMCA | 04.00 PM |
| 17 | POC/ Vigilance and Harmony Meet | 10.00 AM |
| 19 | Kattanam | 11.00 AM |
| 20-23 | Hyderabad/ AINACS Meet | |
| 24 | Karichal<br>Anchal | 07.00 AM<br>11.00 AM |
| 25 | Cathedral/ Holy Mass<br>Cathedral/ Marriage<br>Kizhaketheruvu<br>Mavelikara/ Rosary procession | 07.00 AM<br>10.30 AM<br>03.00 PM<br>05.00 PM |
| 26-31 | Spain- Education Meet | |